# ഖരമാലിന്യ പരിപാലന ചട്ടം 2026

## നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായുള്ള പരിശീലന മൊഡ്യൂൾ

ഒക്ടോബർ 2026

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2025 06:46 PM - Page 1



* This is a computer generated document. Hence no signature is required.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 2

* This is a computer generated document. Hence no signature is required.



**കെ. എം. ഷാജി**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

# സന്ദേശം

കേരളത്തിന്റെ സുസ്ഥിര വികസന യാത്രയിൽ മാലിന്യ പരിപാലനം ഇന്ന് ഏറ്റവും പ്രധാനപ്പെട്ട മേഖലകളിലൊന്നായി മാറിയിരിക്കുകയാണ്. നഗരവൽക്കരണവും ഉപഭോഗ രീതികളിലുണ്ടായ മാറ്റങ്ങളും മൂലം സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവും വൈവിധ്യവും വർധിച്ചുവരുന്നു. മാലിന്യങ്ങളുടെ ശാസ്ത്രീയ ശേഖരണവും സംസ്കരണവും പരിസ്ഥിതി സംരക്ഷണത്തിനും പൊതുജനാരോഗ്യ സംരക്ഷണത്തിനും അനിവാര്യമാണ്. ശുചിത്വവും ആരോഗ്യകരവുമായ പരിസ്ഥിതി ഉറപ്പാക്കുന്നതിനായി നിയമപരവും സാങ്കേതികവുമായ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

ജൈവ–അജൈവ മാലിന്യങ്ങൾക്കൊപ്പം സാനിറ്ററി മാലിന്യം, ഗാർഹിക ആപത്കര മാലിന്യം, ഇ–മാലിന്യം, നിർമ്മാണ–പൊളിക്കൽ മാലിന്യം, ആശുപത്രി മാലിന്യം എന്നിവയുടെ ശാസ്ത്രീയ സംസ്കരണവും ഇന്ന് വലിയ വെല്ലുവിളിയാണ്. ശുചിത്വവും ആരോഗ്യകരമായ പരിസ്ഥിതിയും ഓരോ പൗരന്റെയും ഭരണഘടനാപരമായ അവകാശമാണ്. അതിനാൽ മാലിന്യ പരിപാലന രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഇടപെടൽ അത്യന്താപേക്ഷിതമാണ്.

ഈ ലക്ഷ്യം മുൻനിർത്തി, 2026 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളെയും അതുമായി ബന്ധപ്പെട്ട ബഹു.സുപ്രീം കോടതി നിർദേശങ്ങളെയും അടിസ്ഥാനമാക്കി നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായി പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നത് ഏറെ പ്രസക്തമാണ്. കേരള ഖരമാലിന്യ പരിപാലന പദ്ധതിയും ശുചിത്വ മിഷനും കിലയും സംയുക്തമായി സംഘടിപ്പിക്കുന്ന ഈ പരിശീലനം, ജനപ്രതിനിധികൾക്ക് നിയമപരമായ ഉത്തരവാദിത്വങ്ങളെക്കുറിച്ചും പ്രായോഗിക പ്രവർത്തന പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള വ്യക്തമായ മാർഗനിർദേശം നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

സുസ്ഥിരവും ശുചിത്വപൂർണവുമായ കേരളം സാക്ഷാത്കരിക്കുന്നതിനുള്ള ഈ പരിശീലന പരിപാടിക്ക് എല്ലാ വിജയാശംസകളും നേരുന്നു.



**കെ. എം. ഷാജി**

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 3

* This is a computer generated document. Hence no signature is required.

# ഉള്ളടക്കം


1. ആമുഖം 4

1.1. പരിശീലന ലക്ഷ്യം 5
1.2. പരിശീലന ദൈർഘ്യം 5
1.3. പരിശീലന വിഭാഗം 5
1.4. പരിശീലകർ 5
1.5. നിരീക്ഷണം 6
1.6. പ്രീ ടെസ്റ്റ് & പോസ്റ്റ് ടെസ്റ്റ് 6
1.7. പരിശീലന വിലയിരുത്തൽ 6
1.8. പരിശീലന രീതി 7
1.9. പരിശീലന സെഷനുകൾ 7

2. സെഷൻ 1 : ഖര മാലിന്യ പരിപാലനം – നിലവിലെ സാഹചര്യവും സാധ്യതകളും 8
3. സെഷൻ 2 : മാലിന്യ പരിപാലന സംവിധാനങ്ങളും അടിസ്ഥാന സൗകര്യ വികസനവും 26
4. സെഷൻ 3: നിയമനടപടികൾ 44
5. സെഷൻ 4 : ഖരമാലിന്യ പരിപാലന ചട്ടം – നിരീക്ഷണവും ബോധവൽക്കരണവും 52
6. അനുബന്ധം 1 : കോർപ്പറേഷൻ/നഗരസഭാ അടിസ്ഥാനത്തിലുള്ള ജനപ്രതിനിധികളുടെ എണ്ണം 58
7. അനുബന്ധം 2 : Report Format 63


Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 4

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

# 1. ആമുഖം

സംസ്ഥാനത്തുണ്ടാകുന്ന സാമ്പത്തിക സാമൂഹ്യ വളർച്ചയ്ക്ക് അനുസൃതമായി നിരാകരിക്കപ്പെടുന്ന അഥവാ ഉപയോഗിച്ച് ഉപേക്ഷിക്കപ്പെടുന്ന പാഴ് വസ്തുക്കളുടെ വ്യാപ്തിയും സങ്കീർണതയും വർധിച്ച് വരുന്നു. സംസ്ഥാനത്ത് ഏകദേശം 3.66 ദശലക്ഷം ടൺ മാലിന്യം പ്രതിവർഷം ഉത്പാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്കാക്കുന്നത്. ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യം എങ്ങനെ ശാസ്ത്രീയമായി സംസ്കരിക്കാമെന്ന ചിന്തയേക്കാൾ എങ്ങനെയെങ്കിലും നശിപ്പിക്കുക എന്ന കാഴ്ചപ്പാട് കൂടിവരുന്നതും കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. പ്ലാസ്റ്റിക്കുൾപ്പടെയുള്ള മാലിന്യം നിയമ വിരുദ്ധമായി കത്തിക്കുന്നതും വലിച്ചെറിയുന്നതും മൂലം ഉണ്ടാകുന്ന ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനവും മാനവരാശിക്കുതന്നെ ഭീഷണിയാകുന്നു.

വീടുകളിലും സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കുന്ന ജൈവ അജൈവ മാലിന്യത്തിനു പുറമെ സാനിറ്ററി മാലിന്യവും പ്രത്യേക ശ്രദ്ധ വേണ്ട മാലിന്യവും (ഗാർഹിക ആപത്ക്കരമായ മാലിന്യം) ഇലക്ട്രിക്ക് – ഇലക്ട്രോണിക് – പാഴ് വസ്തുക്കളും, ബാറ്ററി മാലിന്യം എന്നിവയും ശാസ്ത്രീയമായി സംസ്കരിക്കപ്പെടാത്തതിനാൽ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നു.

ഭരണഘടനയുടെ ഇരുപത്തി ഒന്നാം അനുച്ഛേദ പ്രകാരം ജീവിക്കാനുള്ള അവകാശത്തിന്റെ അവിഭാജ്യ ഘടകമാണ് വൃത്തിയും ആരോഗ്യകരമായ പരിസ്ഥിതിയും. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 48A പ്രകാരം രാജ്യത്തിന്റെ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ ശ്രമിക്കേണ്ടതാണ്. ഈ വ്യവസ്ഥ സർക്കാർ സ്ഥാപനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട നയങ്ങൾ, പദ്ധതികൾ, നിയമങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള ഭരണഘടനാപരമായ അടിത്തറ നൽകുന്നു.

ഭരണഘടനയുടെ അനുച്ഛേദം 51A(g) പ്രകാരം പരിസ്ഥിതിയെ സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് ഓരോ പൗരൻറെയും അടിസ്ഥാന കടമയാണ്. പരിസ്ഥിതി സംരക്ഷണം സർക്കാർ സ്ഥാപനങ്ങളുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും പൊതുജനങ്ങളുടെയും സജീവ പങ്കാളിത്തം അനിവാര്യമാണെന്നും ഈ വ്യവസ്ഥ വ്യക്തമാക്കുന്നു. ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് പരിസ്ഥിതി സംരക്ഷിക്കേണ്ടത് രാജ്യത്തിന്റെ ഉത്തരവാദിത്വമാണെന്ന് നിരവധി തവണ കോടതികൾ ആവർത്തിച്ച് ഓർമിപ്പിച്ചിട്ടുണ്ട്. മാലിന്യ ശേഖരണം കൂടുതൽ കാര്യക്ഷമമാക്കിയെങ്കിലും അവ ശാസ്ത്രീയമായി സംസ്കരിക്കാനുള്ള സംവിധാനങ്ങൾ ഇല്ല എന്നുള്ളത് ഒരു വെല്ലുവിളിയായി നിൽക്കുന്നു.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 5

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

ഖരമാലിന്യ സംസ്കരണം ശാസ്ത്രീയമായി നിർവഹിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ (കേന്ദ്ര നിയമം) അടിസ്ഥാനത്തിൽ 2000 ത്തിലും 2016 ലും 2026 ലും ഖര മാലിന്യ പരിപാലന ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം ഖരമാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ നിർവഹണത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ക്കാണ് മുഖ്യ ചുമതല നൽകിയിട്ടുള്ളത്.

ഈ പശ്ചാത്തലത്തിലാണ് 2026 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളെ കുറിച്ചും ഇതിനോട നുബന്ധമായി ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധി (2023 ലെ 6174 നമ്പർ സിവിൽ അപ്പീൽ) (19-02-2026) നടപ്പാക്കുന്നതിനും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ജനപ്രതിനിധികൾക്കും പ്രത്യേക പരിശീലനം നൽകുന്നതിന് കേരള ഖരമാലിന്യ പരിപാലന പദ്ധതിയും ശുചിത്വ മിഷനും കിലയും സംയുക്തമായി തീരുമാനിച്ചിട്ടുള്ളത്.

## 1.1. പരിശീലന ലക്ഷ്യം

- നഗരസഭകളിലെ ജനപ്രതിനിധികൾക്ക് 2026 ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങളിലെ വ്യവസ്ഥകളെ കുറിച്ചും തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകളെക്കുറിച്ചും കൃത്യ മായ ധാരണ നൽകുക.
- പ്രായോഗികമായ ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക.

## 1.2. പരിശീലന ദൈർഘ്യം

5 മണിക്കൂർ ദൈർഘ്യമുള്ള ഏകദിന പരിപാടിയായി ജില്ലാതലത്തിലാണ് പരിശീലനം സംഘടിപ്പിക്കേണ്ടത്.

## 1.3. പരിശീലന വിഭാഗം

കേരളത്തിലെ എല്ലാ കോർപ്പറേഷൻ/നഗരസഭകളിലെയും ജനപ്രതിനിധികൾ. കോർപ്പറേഷൻ/നഗരസഭാ അടിസ്ഥാനത്തിലുള്ള ജനപ്രതിനിധികളുടെ എണ്ണം അനുബന്ധം 1 ഉൾപ്പെടുത്തുന്നു.

## 1.4. പരിശീലകർ

ശുചിത്വമിഷന്റെ ഉദ്യോഗസ്ഥർ, കിലയുടെ റിസോഴ്സ് പേഴ്സൺമാർ, കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) സംസ്ഥാന-ജില്ലാ-നഗരസഭാതല ഉദ്യോഗസ്ഥർ, നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, ശുചിത്വ മിഷൻ യങ് പ്രൊഫഷണൽസ്(YP) എന്നിവർ ആയിരിക്കും ജില്ലാതലത്തിൽ നടക്കുന്ന പരിശീലന പരിപാടിയിൽ സെഷനുകൾ കൈകാര്യം ചെയ്യുന്നത്.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 6

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

## 1.5. നിരീക്ഷണം

- പരിശീലന പരിപാടിയിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനു അതാതു കോർപ്പറേഷൻ/നഗരസഭകളിലെ മേയർ /ചെയർപേഴ്‌സൺ / സെക്രട്ടറിയുമായി ചേർന്ന് ഏകോപനം പ്രവർത്തനങ്ങൾ നടത്തേണ്ടത് PIU SWM എഞ്ചിനീയറും ശുചിത്വ മിഷൻ YP മാത്രം ആണ്.
- SWM എഞ്ചിനീയർ, ശുചിത്വ മിഷൻ YP പരിശീലന പരിപാടിയിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് ജില്ലാ ഓഫീസുകളിൽ പ്രവർത്തിക്കുന്ന മോണിറ്ററിങ് ആൻഡ് ഇവാല്യവേഷൻ എക്സ്പേർട്ടും ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററും ഉറപ്പുവരുത്തണം.
- ജില്ലയിൽ നടക്കുന്ന പരിശീലന പരിപാടികളുടെ ഏകോപനം നടത്തേണ്ടത് കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ജില്ലാ യൂണിറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥരും നഗരസഭയുടെ ചുമതലയുള്ള SWM എഞ്ചിനീയറും ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ, പ്രോഗ്രാം ഓഫീസർ എന്നിവർ കൂടി ആയിരിക്കും.
- പരിശീലനം നടക്കുന്ന സമയത്തു കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെയും ശുചിത്വ മിഷന്റെയും ജില്ലാ യൂണിറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ പരിശീലന വേദി സന്ദർശിക്കുകയും പരിപാടി വിലയിരുത്തുകയും ചെയ്യണം.
- ജില്ലയിൽ നടക്കുന്ന പരിശീലന പരിപാടിയുടെ റിപ്പോർട്ട് അതാതു DPMU പരിശീലനം കഴിഞ്ഞു 10 ദിവസത്തിനുള്ളിൽ SPMU വിൽ സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ട് തയ്യാറാക്കുന്ന ഫോർമാറ്റ് അനുബന്ധം 2 ൽ ചേർക്കുന്നു.

## 1.6. പ്രീ ടെസ്റ്റ് & പോസ്റ്റ് ടെസ്റ്റ്

പരിശീലന പരിപാടി ആരംഭിക്കുന്നതിനു മുൻപായി പ്രീ ടെസ്റ്റും അവസാനിച്ചതിന് ശേഷം പോസ്റ്റ് ടെസ്റ്റും പരിശീലനാർത്ഥികളെ കൊണ്ട് ചെയ്യിക്കേണ്ടതാണ്. അതിനാവശ്യമായ ഗൂഗിൾ ഷെയർ ചെയ്യുന്നതിനായി ആവശ്യമെങ്കിൽ വാട്ട്സ്ആപ്പ് ഗ്രൂപ്പ് പരിശീലന പരിപാടിയുടെ രജിസ്ട്രേഷൻ സമയത്തു തന്നെ തുടങ്ങേണ്ടതാണ്. അല്ലെങ്കിൽ നിശ്ചിത എണ്ണം QR കോഡ് പ്രിന്റ് എടുത്ത് പരിശീലന ഹാളിൽ പ്രദർശിപ്പിക്കുകയും അത് സ്കാൻ ചെയ്തു ചോദ്യാവലി പൂരിപ്പിക്കുവാൻ സഹായിക്കുകയും ചെയ്യണം. എല്ലാ പരിശീലനാർത്ഥികളും ഇവ പൂരിപ്പിക്കുന്നുണ്ട് എന്നത് പരിശീലനത്തിന്റെ ഏകോപന ചുമതലയുള്ള വ്യക്തികളുടെ ഉത്തരവാദിത്വമാണ്.

## 1.7. പരിശീലന വിലയിരുത്തൽ

പരിശീലന പരിപാടിയുടെ വിലയിരുത്തലിനായി ഗൂഗിൾ ഫോം തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ലിങ്ക് ചുവടെ നൽകിയിട്ടുണ്ട്. ഗൂഗിൾ ഫോം എല്ലാ പരിശീലനാർത്ഥികളും

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 7

പൂരിപ്പിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടത് പരിശീലനത്തിന്റെ ഏകോപന ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. ഇത് കൂടാതെ പരിശീലനം അവസാനിക്കുന്ന സമയം നഗരസഭകളിൽ നിന്നുള്ള ജനപ്രതിനിധികളെ അവരുടെ അഭിപ്രായങ്ങൾ അറിയിക്കുന്നതിനായി ക്ഷണിക്കുക. അവർ പറയുന്ന വിവരങ്ങൾ അതാതു സെന്റർ കോഓർഡിനേറ്റർ രേഖപ്പെടുത്തി SPMU വിൽ സമർപ്പിക്കുന്ന റിപ്പോർട്ടിൽ ഉൾപ്പെടുത്തുക. ഒന്നിലധികം നഗരസഭകൾ പങ്കെടുക്കുന്ന ബാച്ചുകളിൽ എല്ലാ നഗരസഭകളിലേയും ജനപ്രതിനിധികളുടെ അഭിപ്രായം ആരായുക. കൂടാതെ അഭിപ്രായം പറയുന്ന ജനപ്രതിനിധികളിൽ സ്ത്രീ–പുരുഷ പങ്കാളിത്തം പ്രത്യേകം ഉറപ്പുവരുത്തണം.

## 1.8. പരിശീലന രീതി

പരിശീലനാർത്ഥികളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന രീതിയിലാവണം പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടത്. അതിനാവശ്യമായ രീതിയിലാണ് സെഷനുകൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. സെഷനുകളുടെ ഉള്ളടക്കങ്ങൾ പവർ പോയിന്റ് അവതരണങ്ങളായും, ഗ്രൂപ്പ് പ്രവർത്തനങ്ങളായും, വീഡിയോ അവതരണങ്ങളായും ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം തന്നെ പരിശീലകർ അതാതു കോർപ്പറേഷൻ/ നഗരസഭയിൽ സംഭവിച്ചിട്ടുള്ള ഉദാഹരണങ്ങൾ കൂടി ബന്ധപ്പെടുത്തി സെഷനുകൾ കൈകാര്യം ചെയ്യണം. ഇത് പരിശീലന പരിപാടിയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പ്രായോഗിക അറിവ് വർധിപ്പിക്കുന്നതിനും സഹായകമാകും. സെഷനുകൾ അവതരിപ്പിക്കുന്നതിനോടൊപ്പം തന്നെ പരിശീലനാർത്ഥികൾക്ക ആ വിഷയവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പങ്കുവയ്ക്കുവാൻ കൂടി അവസരം നൽകണം. പരിശീലകർ ഓരോ സെഷന്റെയും അവസാനം പ്രധാന പഠന സന്ദേശങ്ങൾ (Key Takeaways) സംഗ്രഹിച്ച് അവതരിപ്പിക്കുകയും, പങ്കാളികൾ അവരുടെ നഗരസഭകളിൽ പരിശീലനത്തിലൂടെ ലഭിച്ച അറിവ് എങ്ങനെ പ്രായോഗികമായി നടപ്പാക്കാമെന്നതിനെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുകയും വേണം. സ്വയം പരിചയപ്പെടുത്തലിനും ആമുഖത്തിനും ശേഷം പരിശീലന പരിപാടി ആരംഭിക്കുക.

## 1.9. പരിശീലന സെഷനുകൾ

4 സെഷനുകളായാണ് പരിശീലന പരിപാടി നടത്തുവാൻ ഉദ്ദേശിക്കുന്നത്.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 8

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

## 2. സെഷൻ 1 : ഖര മാലിന്യ പരിപാലനം – നിലവിലെ സാഹചര്യവും സാധ്യതകളും

**ലക്ഷ്യങ്ങൾ**

1. ഖര മാലിന്യ പരിപാലനം – നിലവിലെ അവസ്ഥയെ സംബന്ധിച്ച വിശകലനം
2. 2026ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങൾ – വിശദീകരണം

**സമയം: 60 മിനുട്ട്**

**ഉള്ളടക്കവും പഠനരീതിയും:**

ഈ സെഷന്റെ അനിവാര്യത ചുവടെ ഉൾപ്പെടുത്തുന്നു. ആയതിന്റെ സംക്ഷിപ്തം പരിശീലകൻ സെഷന്റെ തുടക്കത്തിൽ അവതരിപ്പിക്കുക.

'നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് നഗരപ്രദേശങ്ങളിലെ ഖരമാലിന്യ പരിപാലനത്തിന്റെ നിലവിലെ അവസ്ഥ, അതുമായി ബന്ധപ്പെട്ട പ്രധാന വെല്ലുവിളികൾ, നിയമപരമായ മാറ്റങ്ങളുടെ ആവശ്യകത എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ ലഭ്യമാക്കുകയാണ് ഈ സെഷന്റെ ലക്ഷ്യം. കൂടാതെ, ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 നിലവിൽ വന്നതിന്റെ പശ്ചാത്തലവും അതിലൂടെ നഗരസഭകൾക്കും ജനപ്രതിനിധികൾക്കും ഉണ്ടായിരിക്കുന്ന പുതിയ ഉത്തരവാദിത്വങ്ങളും ബഹു.സുപ്രീം കോടതി വിധിയുടെ പ്രസക്ത ഭാഗങ്ങളും ഈ സെഷനിലൂടെ പരിചയപ്പെടുത്തുന്നു.

സെഷന്റെ തുടക്കത്തിൽ ഖരമാലിന്യ പരിപാലനം ഇന്ന് ഒരു ശുചീകരണ പ്രവർത്തനം മാത്രമല്ലെന്നും, അത് പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം, നഗരഭരണം, കാലാവസ്ഥാ വ്യതിയാനം, സുസ്ഥിര വികസനം എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ട ഒരു ഭരണപരവും നിയമപരവുമായ ഉത്തരവാദിത്വമാണെന്നും പരിശീലകൻ വ്യക്തമാക്കണം.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നഗരവൽക്കരണം, ജനസംഖ്യാ വർദ്ധനവ്, ഉപഭോഗശീലങ്ങളിലെ മാറ്റം എന്നിവയുടെ ഫലമായി നഗരപ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ അളവ് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ജൈവമാലിന്യത്തോടൊപ്പം പ്ലാസ്റ്റിക് മാലിന്യം, ഇ–മാലിന്യം, സാനിറ്ററി മാലിന്യം, നിർമ്മാണ–പൊളിക്കൽ മാലിന്യം, ഗാർഹിക അപകടകരമായ മാലിന്യം തുടങ്ങിയ വിവിധ വിഭാഗങ്ങളിലുള്ള മാലിന്യങ്ങളുടെ അളവും വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ ശാസ്ത്രീയമായ ഖരമാലിന്യ പരിപാലനം ഉറപ്പാക്കുന്നത് നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലകളിലൊന്നായി മാറിയിരിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് കേന്ദ്ര സർക്കാർ മാലിന്യ പരിപാലന ചട്ടം, 2026 (Solid Waste Management Rules, 2026) വിജ്ഞാപനം ചെയ്തിരിക്കുന്നത്. ഈ ചട്ടങ്ങൾ നഗരസഭകൾക്കും പൗരന്മാർക്കും വൻകിട മാലിന്യ ഉൽപ്പാദകർക്കും വിവിധ സർക്കാർ

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 9

സ്ഥാപനങ്ങൾക്കും വ്യക്തമായ ഉത്തരവാദിത്വങ്ങൾ നിർവചിക്കുന്നു. കൂടാതെ, സുപ്രീം കോടതിയുടെയും ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും (NGT) നിർദ്ദേശങ്ങൾ ഖരമാലിന്യ പരിപാലനം ഒരു നിയമബാധ്യതയാണെന്ന് കൂടുതൽ ശക്തമായി വ്യക്തമാക്കുന്നു.'

**തുടർന്ന് താഴെ പറയുന്ന വിധത്തിലുള്ള പസിൽ ഗെയിം നടത്തുക. അതിനായി മാലിന്യ സംസ്കരണ ശൃഖലയിലെ വിവിധ ഘട്ടങ്ങൾ (അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം– മിനി MCF ലെ സംഭരണം– ട്രാൻസ്പോർട്ടേഷൻ–MCF ലെ തരം തിരിക്കൽ– MCF ലെ ബെയ്‌ലിങ്/ഷ്രെഡിങ് – പുനരുപയോഗത്തിനും പുനഃചംക്രമണത്തിനുമായുള്ള കൈമാറ്റം–ശാസ്ത്രീയ ലാൻഡ്ഫിൽ) ഉൾപ്പെടുത്തിയ ചിത്രങ്ങൾ ക്രമം തെറ്റിച്ച് സ്ക്രീനിൽ കാണിക്കുക. പരിശീലനാർത്ഥികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പും ശരിയായ ക്രമം ഏതെന്ന് പേപ്പറിൽ എഴുതി അവതരിപ്പിക്കുവാൻ ആവശ്യപ്പെടുക. ഇത്തരത്തിൽ എല്ലാ ഗ്രൂപ്പിന്റെയും അവതരണം കഴിഞ്ഞതിനു ശേഷം പരിശീലകൻ ശരിയായ ക്രമം ഏതെന്ന് വിശദീകരിക്കുക.**

അതിനു ശേഷം മാലിന്യ ഉത്പാദനവും സംസ്കരണവും സംബന്ധിച്ച സംസ്ഥാനത്തിലെ നിലവിലെ സ്ഥിതി ചുവടെ കൊടുക്ക`ുന്ന പ്രകാരം വിശദീകരിക്കുക.

'കേരളത്തിൽ പ്രതിവർഷം ഏകദേശം 37 ലക്ഷം ടൺ മാലിന്യം ഉണ്ടാകുന്നു. ഇതിൽ 59% നഗര മേഖലകളിലും 41% ഗ്രാമ പ്രദേശങ്ങളിലുമാണ്. ആകെ ഉണ്ടാകുന്ന മാലിന്യത്തിന്റെ 69% ജൈവ മാലിന്യവും, 31% അജൈവ മാലിന്യവുമാണ്.'

4 കളർ ബിന്നുകൾ പരിചയപ്പെടുത്തുന്നതിനുള്ള ഗെയിം കൂടി ഈ അവസരത്തിൽ നടത്താവുന്നതാണ്.

ആയത് അവതരിപ്പിച്ചതിനു ശേഷം നഗരസഭാ അടിസ്ഥാനത്തിലുള്ള ഡാറ്റയുടെ വിശദീകരണത്തിലേയ്ക്ക് കടക്കുക.

**നിലവിലെ സാഹചര്യം – നഗരസഭാ അടിസ്ഥാനത്തിലുള്ള ഡാറ്റയുടെ വിശകലനം**

ഈ ഭാഗത്തിൽ പരിശീലകൻ ബന്ധപ്പെട്ട നഗരസഭകളുടെ യഥാർത്ഥ വിവരങ്ങൾ അവതരിപ്പിക്കണം. ഓരോ നഗരസഭയുടെയും ഖരമാലിന്യ പരിപാലനത്തിന്റെ നിലവിലെ അവസ്ഥ ഡാറ്റയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നത് ജനപ്രതിനിധികൾക്ക് തങ്ങളുടെ പ്രദേശത്തെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ സഹായിക്കും. പൊതുവായ വിവരങ്ങൾ അവതരിപ്പിക്കുന്നതിനേക്കാൾ പ്രാദേശിക വിവരങ്ങൾ ഉൾപ്പെടുത്തുന്നത് കൂടുതൽ ഫലപ്രദമായിരിക്കും.

**അവതരിപ്പിക്കേണ്ട പ്രധാന വിവരങ്ങൾ:**

- പ്രതിദിന ഖരമാലിന്യ ഉൽപ്പാദനം (ടൺ/ദിവസം)

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 10

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 11

- മാലിന്യത്തിന്റെ തരം തിരിച്ചുള്ള അളവ് (ജൈവം, അജൈവം, സാനിറ്ററി, പ്രത്യേക ശ്രദ്ധ ആവശ്യമായ മാലിന്യങ്ങൾ)
- ഉറവിടതല മാലിന്യ വേർതിരിക്കലിന്റെ നിലവിലെ സാഹചര്യം
- ഹരിതകർമ്മസേനയുടെ വിന്യാസവും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നടക്കുന്ന വാതിൽപ്പടി മാലിന്യ ശേഖരണത്തിന്റെ അളവും കാര്യക്ഷമതയും
- ട്രാൻസ്പോർട്ടേഷൻ
- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF), കമ്പോസ്റ്റിംഗ്, ബയോഗ്യാസ് സംവിധാനങ്ങൾ
- പുനരുപയോഗത്തിനായി കൈമാറുന്ന മാലിന്യത്തിന്റെ അളവ്
- സംസ്കരിക്കപ്പെടാതെ അവശേഷിക്കുന്ന മാലിന്യത്തിന്റെ അളവ്
- നിലവിലുള്ള പ്രധാന വെല്ലുവിളികൾ

ഡാറ്റ അവതരിപ്പിച്ചതിന് ശേഷം പരിശീലകൻ പങ്കാളികളുമായി ചർച്ച ആരംഭിക്കാം. ഇതിനായി താഴെ പറയും പ്രകാരമുള്ള ചോദ്യങ്ങൾ കൂടി ഉൾപ്പെടുത്താവുന്നതാണ്.

3. നിങ്ങളുടെ നഗരസഭയിൽ ഏറ്റവും മെച്ചപ്പെട്ട മാലിന്യ സംസ്കരണ മാതൃക ഏതാണ്?
4. നിങ്ങളുടെ നഗരസഭയിൽ മാലിന്യ സംസ്കരണ മേഖലയിൽ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്താണ്?
5. ഉറവിടതല മാലിന്യ വേർതിരിക്കൽ പൂർണ്ണമായി നടപ്പാക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നേരിടുന്നത്?"
6. മാലിന്യ സംസ്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടോ?
7. കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ആവശ്യകത എത്രമാത്രമുണ്ട്?
8. പുനരുപയോഗത്തിനും പുനഃചംക്രമണത്തിനും സാധിക്കാത്ത മാലിന്യങ്ങൾ ഇപ്പോൾ എന്താണ് ചെയ്യുന്നത്?

**ഈ ഭാഗത്തിന്റെ അവസാനം പരിശീലകൻ ഊന്നിപ്പറയേണ്ട സന്ദേശം:**

"ഖരമാലിന്യ പരിപാലനത്തിന്റെ വിജയം മാലിന്യം ശേഖരിക്കുന്നതിൽ മാത്രമല്ല; മാലിന്യം ഉൽപ്പാദിപ്പിക്കുന്ന ഘട്ടം മുതൽ ശാസ്ത്രീയ സംസ്കരണവും പുനരുപയോഗവും വരെ ഉൾക്കൊള്ളുന്ന സമഗ്ര സംവിധാനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലാണ്. ഈ സംവിധാനത്തിന് നേതൃത്വം നൽകുന്നതിൽ ജനപ്രതിനിധികൾക്ക് നിർണായക പങ്കുണ്ട്."

**ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട നിയമങ്ങൾ**

ഈ ഭാഗത്തിന്റെ ആമുഖമായി താഴെ പറയുന്ന കാര്യങ്ങൾ വിശദീകരിക്കുക.

"ഖരമാലിന്യ പരിപാലനം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാധാരണ ശുചീകരണ പ്രവർത്തനം മാത്രമല്ല; അത് നിയമപരമായും ഭരണപരമായും

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 12

നിർബന്ധിതമായ ഒരു പൊതുസേവനമാണ്. ശാസ്ത്രീയമായ ഖരമാലിന്യ പരിപാലനം ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ കാലാകാലങ്ങളായി വിവിധ നിയമങ്ങളും ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. നഗരവൽക്കരണം, മാലിന്യത്തിന്റെ അളവിലും സ്വഭാവത്തിലും ഉണ്ടായ മാറ്റങ്ങൾ, പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ആശങ്കകൾ, പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത, കോടതി വിധികൾ, ദേശീയ–അന്തർദേശീയ നയപരമായ മാറ്റങ്ങൾ എന്നിവ പരിഗണിച്ചാണ് ഈ നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കപ്പെട്ടത്."

പരിശീലനത്തിന്റെ ഈ ഘട്ടത്തിൽ, നിലവിൽ പ്രാബല്യത്തിലുള്ള ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 എന്ന ചട്ടത്തിലേക്ക് എത്തിച്ചേർന്ന നിയമപരമായ വികാസം പരിശീലകൻ ചുരുക്കി അവതരിപ്പിക്കണം. ഇത് ജനപ്രതിനിധികൾക്ക് പുതിയ ചട്ടങ്ങളുടെ പശ്ചാത്തലവും അതിന്റെ ആവശ്യകതയും മനസ്സിലാക്കാൻ സഹായിക്കും.

1. **Environment (Protection) Act, 1986**

1984-ലെ ഭോപ്പാൽ വാതക ദുരന്തത്തെത്തുടർന്ന് പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട നിയമപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത രാജ്യത്ത് ഉയർന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് Environment (Protection) Act, 1986 നിലവിൽ വന്നത്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് ചട്ടങ്ങൾ രൂപീകരിക്കാനും പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കാനുമുള്ള വിശാലമായ അധികാരങ്ങൾ ഈ നിയമം നൽകുന്നു.

ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ പ്രധാന ചട്ടങ്ങൾക്കും, അതിൽ Municipal Solid Waste (Management and Handling) Rules, 2000, Solid Waste Management Rules, 2016, Solid Waste Management Rules, 2026 എന്നിവ ഉൾപ്പെടെ, ഈ നിയമമാണ് അടിസ്ഥാന നിയമം (Parent Legislation). അതിനാൽ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ നിയമ നടപടികളുടെയും അടിത്തറയായി Environment (Protection) Act, 1986-നെ കണക്കാക്കാം.

2. **Municipal Solid Waste (Management and Handling) Rules, 2000**

നഗരപ്രദേശങ്ങളിലെ ഖരമാലിന്യ പരിപാലനത്തിനായി രാജ്യത്ത് ആദ്യമായി പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടത് Municipal Solid Waste (Management and Handling) Rules, 2000 വഴിയാണ്. നഗരസഭകൾ ശേഖരിക്കുന്ന മാലിന്യങ്ങളുടെ ശാസ്ത്രീയ ശേഖരണം, സംഭരണം, ഗതാഗതം, സംസ്കരണം, അന്തിമ നിർമ്മാർജ്ജനം എന്നിവയ്ക്ക് അടിസ്ഥാന മാർഗനിർദ്ദേശങ്ങൾ ഈ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു.

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

ഈ ചട്ടങ്ങൾ പ്രധാനമായും നഗരസഭകളുടെ ഉത്തരവാദിത്വങ്ങളിൽ കേന്ദ്രീകരിച്ചായിരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, വലിയ മാലിന്യ ഉൽപ്പാദകർ, തുടങ്ങിയ മറ്റ് പങ്കാളികളുടെ ചുമതലകൾ വ്യക്തമായി നിർവചിച്ചിരുന്നില്ല. കൂടാതെ, ഉറവിടതല മാലിന്യ വേർതിരിക്കൽ, വികേന്ദ്രീകൃത സംസ്കരണം, പുനരുപയോഗം, സർകുലർ ഇക്കോണമി തുടങ്ങിയ ആശയങ്ങൾ ഈ ചട്ടങ്ങളിൽ പരിമിതമായ രീതിയിലാണ് ഉൾപ്പെടുത്തിയിരുന്നത്.

3. **Solid Waste Management Rules, 2016**

രാജ്യത്തെ ത്വരിത ഗതിയിലുള്ള നഗരവൽക്കരണം, മാലിന്യ ഉൽപ്പാദനത്തിലെ വർധനവ്, പരിസ്ഥിതി പ്രശ്നങ്ങൾ, ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും സുപ്രീം കോടതിയുടെയും ഇടപെടലുകൾ എന്നിവയുടെ പശ്ചാത്തലത്തിലാണ് Solid Waste Management Rules, 2016 നിലവിൽ വന്നത്. 2000-ലെ ചട്ടങ്ങളെ അപേക്ഷിച്ച് ഇത് കൂടുതൽ സമഗ്രവും ഉത്തരവാദിത്വം പങ്കിടുന്ന സമീപനവുമായിരുന്നു.

**ഈ ചട്ടങ്ങളുടെ പ്രധാന സവിശേഷതകൾ:**

- ഉറവിടതല മാലിന്യ വേർതിരിക്കൽ നിർബന്ധമാക്കി.
- ജൈവമാലിന്യത്തിന്റെ വികേന്ദ്രീകൃത സംസ്കരണത്തിന് പ്രാധാന്യം നൽകി.
- Bulk Waste Generators-ന് പ്രത്യേക ഉത്തരവാദിത്വങ്ങൾ നൽകി.
- User Fee, Spot Fine എന്നീ ആശയങ്ങൾ അവതരിപ്പിച്ചു.
- വിവിധ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വ്യക്തമായ ചുമതലകൾ നൽകി.
- പൊതുജന പങ്കാളിത്തം, പുനരുപയോഗം, വിഭവ വീണ്ടെടുപ്പ് (Resource Recovery) എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി.

ഈ ചട്ടങ്ങൾ രാജ്യത്തെ ഖരമാലിന്യ പരിപാലനത്തിൽ വലിയ മാറ്റത്തിന് തുടക്കം കുറിച്ചെങ്കിലും, വിവിധ സംസ്ഥാനങ്ങളിലെ നടപ്പാക്കലിൽ അസമത്വം, പുതിയ മാലിന്യ വിഭാഗങ്ങളുടെ വർധന, ഡിജിറ്റൽ നിരീക്ഷണത്തിന്റെ ആവശ്യകത, സർക്കുലർ ഇക്കോണമിയിലേക്കുള്ള മാറ്റം എന്നിവയെ തുടർന്ന് ചട്ടങ്ങളിൽ കൂടുതൽ സമഗ്രമായ പരിഷ്കാരം ആവശ്യമായി വന്നു.

4. **കേരള മുനിസിപ്പാലിറ്റി ആക്ട് (ഭേദഗതി), 2024**

കേരളത്തിൽ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്ടിൽ 2024-ൽ സുപ്രധാന ഭേദഗതികൾ വരുത്തി. മാലിന്യ പരിപാലനം നഗരസഭയുടെ നിർബന്ധിത ചുമതലയാക്കുകയും, അതിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി നഗരസഭയ്ക്ക് ആവശ്യമായ

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 13

ഭരണപരവും നിയന്ത്രണപരവുമായ അധികാരങ്ങൾ (Administrative and Regulatory Powers) നൽകുകയും ചെയ്തു.

**ഈ ഭേദഗതിയിലൂടെ:**

- ബൈലോകൾ രൂപീകരിക്കുന്നതിനുള്ള നിയമപരമായ പിന്തുണ ശക്തിപ്പെട്ടു.
- ഉപയോക്തൃ ഫീസ്, പിഴ എന്നിവ ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടുതൽ വ്യക്തമായി.
- നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭകൾക്ക് കൂടുതൽ അധികാരം ലഭിച്ചു.
- ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട സേവനങ്ങൾ കൂടുതൽ ഉത്തരവാദിത്വത്തോടെ നടപ്പിലാക്കുന്നതിനുള്ള നിയമപരമായ അടിത്തറ ശക്തിപ്പെട്ടു.

**5. Solid Waste Management Rules, 2026 – എന്തുകൊണ്ട് പുതിയ ചട്ടങ്ങൾ?**

മുൻകാല ചട്ടങ്ങളുടെ അനുഭവങ്ങൾ, സാങ്കേതിക വിദ്യയിലെ പുരോഗതി, മാലിന്യത്തിന്റെ മാറിയ സ്വഭാവം, പൊതുജനാരോഗ്യ വെല്ലുവിളികൾ, കാലാവസ്ഥാ വ്യതിയാനം, സർകുലർ ഇക്കോണമി, ബഹു. സുപ്രീം കോടതിയുടെയും ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും നിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് Solid Waste Management Rules, 2026 രൂപീകരിക്കപ്പെട്ടത്.

ഈ ചട്ടങ്ങൾ ഖരമാലിന്യ പരിപാലനത്തെ ശേഖരണത്തിലും സംസ്കരണത്തിലും മാത്രം ഒതുക്കാതെ, മാലിന്യ ഉൽപ്പാദനം മുതൽ വിഭവ വീണ്ടെടുപ്പ് (Resource Recovery) വരെയുള്ള സമ്പൂർണ്ണ ചക്രം ഉൾക്കൊള്ളുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അതോടൊപ്പം, നഗരസഭകൾ, ജനപ്രതിനിധികൾ, പൗരന്മാർ, Bulk Waste Generators, സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവരുടെ ഉത്തരവാദിത്വങ്ങൾ കൂടുതൽ വ്യക്തവും നിർബന്ധിതവുമാക്കി.

അതുകൊണ്ടുതന്നെ, 2026-ലെ ചട്ടങ്ങൾ ഒരു പുതിയ നിയമം മാത്രമല്ല; സുസ്ഥിരവും നിയമാനുസൃതവും ഉത്തരവാദിത്വപൂർണ്ണവുമായ ഖരമാലിന്യ പരിപാലന സംവിധാനത്തിലേക്കുള്ള നയപരമായ മാറ്റത്തിന്റെ പ്രതിഫലനമാണ്.

ഈ ഭാഗത്തിന്റെ അവസാനത്തിൽ പരിശീലകൻ പരിശീലനാർത്ഥികളോട് ഇപ്രകാരം ചോദിക്കാവുന്നതാണ്:

**"നമ്മുടെ നഗരസഭയിൽ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് നിലവിലുള്ള ഏറ്റവും വലിയ നിയമപരമോ ഭരണപരമോ ആയ വെല്ലുവിളി എന്താണ്?"**

തുടർന്ന്, "ഈ വെല്ലുവിളികൾക്ക് പരിഹാരമായി 2026-ലെ ചട്ടങ്ങൾ എന്തെല്ലാം പുതിയ വ്യവസ്ഥകളാണ് അവതരിപ്പിക്കുന്നത്?" എന്ന ചോദ്യത്തിലൂടെ അടുത്ത ഭാഗമായ

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 14

"ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 – പ്രധാന വ്യവസ്ഥകൾ" എന്ന വിഷയത്തിലേക്ക് പ്രവേശിക്കാം.

ഇതിനു ശേഷം ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 – പ്രധാന വ്യവസ്ഥകളും നഗരസഭകളുടെ ഉത്തരവാദിത്വങ്ങളും വിശദീകരിക്കുക.

**ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 – പ്രധാന വ്യവസ്ഥകളും നഗരസഭകളുടെ ഉത്തരവാദിത്വങ്ങളും**

ഈ ചട്ടങ്ങളുടെ അടിസ്ഥാന ലക്ഷ്യം ഖരമാലിന്യത്തെ പരിസ്ഥിതിക്ക് ദോഷകരമായ ഒരു വസ്തുവായി കാണാതെ, പുനരുപയോഗത്തിനും പുനഃസംസ്കരണത്തിനും ഊർജോൽപ്പാദനത്തിനും ഉപയോഗിക്കാവുന്ന ഒരു വിഭവമായി (Waste as a Resource) പരിഗണിക്കുന്നതാണ്. ഇതിലൂടെ പ്രകൃതിവിഭവങ്ങളുടെ ഉപയോഗം കുറയ്ക്കുക, ലാൻഡ്ഫില്ലുകളിലേക്കുള്ള മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക, Circular Economy പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ചട്ടങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ.

ഖരമാലിന്യ പരിപാലനം നഗരസഭയുടെ മാത്രം ഉത്തരവാദിത്വമല്ലെന്നും, ഓരോ മാലിന്യ ഉൽപ്പാദകനും, സ്ഥാപനങ്ങളും, വൻകിട മാലിന്യ ഉൽപ്പാദകരും, വിവിധ സർക്കാർ വകുപ്പുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട മേഖലയാണെന്നും ഈ ചട്ടങ്ങൾ വ്യക്തമാക്കുന്നു.

**2026–ലെ ചട്ടങ്ങളുടെ പ്രധാന സവിശേഷതകൾ**

**1. ഉറവിടതല മാലിന്യ വേർതിരിക്കൽ നിർബന്ധമാക്കുന്നു**

ഖരമാലിന്യ പരിപാലനത്തിന്റെ ആദ്യഘട്ടം മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ ശരിയായ രീതിയിൽ വേർതിരിക്കുന്നതാണ്. വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ തുടങ്ങി എല്ലാ മാലിന്യ ഉൽപ്പാദകരും മാലിന്യങ്ങൾ ജൈവം, അജൈവം, സാനിറ്ററി, പ്രത്യേക ശ്രദ്ധ വേണ്ടവ എന്നിങ്ങനെ നാല് വിഭാഗങ്ങളായി വേർതിരിച്ച് നൽകേണ്ടത് നിയമപരമായ ബാധ്യതയാണ്.

ഈ വ്യവസ്ഥയുടെ ലക്ഷ്യം പിന്നീട് നടത്തുന്ന ശേഖരണവും സംസ്കരണവും കൂടുതൽ കാര്യക്ഷമമാക്കുക എന്നതാണ്. മിശ്രിത മാലിന്യം ശേഖരിക്കുന്നത് സംസ്കരണ ചെലവ് വർദ്ധിപ്പിക്കുകയും പുനരുപയോഗ സാധ്യത കുറയ്ക്കുകയും ചെയ്യുന്നു. അതിനാൽ ഉറവിടതല വേർതിരിക്കൽ ഖരമാലിന്യ പരിപാലനത്തിന്റെ വിജയത്തിന്റെ അടിസ്ഥാനമാണ്.

**2. നഗരസഭകളുടെ ഉത്തരവാദിത്വം കൂടുതൽ വ്യക്തതയോടെ നിർവചിക്കുന്നു**

2026–ലെ ചട്ടങ്ങൾ നഗരസഭകളുടെ ഉത്തരവാദിത്വം ശേഖരണത്തിൽ മാത്രം ഒതുങ്ങുന്നില്ല. മറിച്ച്, ഖരമാലിന്യ പരിപാലനത്തിന്റെ മുഴുവൻ ശൃംഖലയും (Collection–Transportation–

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 15

Processing-Resource Recovery-Safe Disposal) കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം നഗരസഭയ്ക്കാണ്.

**ഇതിനായി നഗരസഭകൾ:**

- വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ മാലിന്യം ശേഖരിക്കുക. (നഗരസഭയിൽ നിലനിൽക്കുന്ന മോഡൽ അനുസരിച്ചും ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം)
- ഖരമാലിന്യ പരിപാലന ബൈലോ തയ്യാറാക്കി അംഗീകരിക്കുക
- മാലിന്യത്തിന്റെ സുരക്ഷിത ഗതാഗതം ഉറപ്പാക്കുക.
- ശാസ്ത്രീയ സംസ്കരണ സൗകര്യങ്ങൾ ഒരുക്കുക.
- പുനരുപയോഗ സംവിധാനങ്ങളുമായി ബന്ധിപ്പിക്കുക.
- ഉപയോക്തൃ ഫീസ് ഈടാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുക.
- അനധികൃത മാലിന്യ നിക്ഷേപം തടയുക.
- പൊതുജന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
- ഡാറ്റ ശേഖരിക്കുകയും റിപ്പോർട്ടിംഗ് നടത്തുകയും ചെയ്യുക.

### 3. Circular Economy പ്രോത്സാഹിപ്പിക്കുന്നു

മാലിന്യം ശേഖരിച്ച് ഉപേക്ഷിക്കുന്ന സമീപനത്തിൽ നിന്ന് മാറി, പരമാവധി പുനരുപയോഗം, പുനഃചംക്രമണം, വിഭവ വീണ്ടെടുപ്പ് എന്നിവ ഉറപ്പാക്കുകയാണ് ചട്ടങ്ങളുടെ പ്രധാന ലക്ഷ്യം.

**ഉദാഹരണത്തിന്:**

- ജൈവമാലിന്യം കമ്പോസ്റ്റോ ബയോഗ്യാസോ ആക്കുക.
- പ്ലാസ്റ്റിക്, ലോഹം, പേപ്പർ, ഗ്ലാസ് എന്നിവ പുനഃചംക്രമണത്തിന്(റീസൈക്ലിംഗിന്) കൈമാറുക.
- പുനരുപയോഗിക്കാൻ കഴിയാത്ത കത്തിക്കാവുന്ന മാലിന്യങ്ങൾ അനുയോജ്യമായ സഹസംസ്കരണ (Co-processing) സംവിധാനങ്ങളിലേക്ക് നൽകുക.
- ലാൻഡ്ഫില്ലിലേക്ക് പോകുന്ന മാലിന്യം പരമാവധി കുറയ്ക്കുക.

ഈ സമീപനം പരിസ്ഥിതി സംരക്ഷണത്തിനൊപ്പം സാമ്പത്തിക മൂല്യ വർദ്ധനവിനും സഹായകമാണ്.

### 4. പൊതുജന പങ്കാളിത്തം നിർണായകമാക്കുന്നു

ഖരമാലിന്യ പരിപാലനത്തിന്റെ വിജയം നഗരസഭയുടെ പ്രവർത്തനങ്ങളിൽ മാത്രം ആശ്രയിച്ചല്ല. വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ,

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 16

ആരാധനാലയങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ, വ്യവസായങ്ങൾ എന്നിവയുൾപ്പെടെ എല്ലാ മാലിന്യ ഉൽപ്പാദകരുടെയും സഹകരണം അനിവാര്യമാണ്.

അതുകൊണ്ടുതന്നെ, ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും Behaviour Change സൃഷ്ടിക്കുന്നതിനും നഗരസഭകൾ തുടർച്ചയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്ന് ചട്ടങ്ങൾ നിർദേശിക്കുന്നു.

**5. നിയമപാലനവും ഉത്തരവാദിത്വവും ശക്തിപ്പെടുത്തുന്നു**

മുൻകാല ചട്ടങ്ങളെ അപേക്ഷിച്ച്, 2026-ലെ ചട്ടങ്ങൾ നിയമപാലനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. ചട്ടങ്ങൾ പാലിക്കാത്ത വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും പിഴ ചുമത്തുന്നതിനും പരിസ്ഥിതി നഷ്ടപരിഹാരം ഈടാക്കുന്നതിനും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

അതോടൊപ്പം, നഗരസഭകളും തങ്ങളുടെ ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിയമപരമായ ഉത്തരവാദിത്വം നേരിടേണ്ടി വരും. ഈ പശ്ചാത്തലത്തിലാണ് സുപ്രീം കോടതിയും ദേശീയ ഹരിത ട്രൈബ്യൂണലും വിവിധ കേസുകളിൽ കർശനമായ നിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ളത്.

**“ഈ ചട്ടങ്ങൾ ഉദ്യോഗസ്ഥർ മാത്രം നടപ്പാക്കേണ്ടതല്ല. നഗരസഭയുടെ ഭരണനേതൃത്വം വഹിക്കുന്ന ജനപ്രതിനിധികൾക്ക് ഈ ചട്ടങ്ങളുടെ നടത്തിപ്പിൽ നിർണായക പങ്കുണ്ട്.”**

ജനപ്രതിനിധികൾ വഹിക്കേണ്ടുന്ന ഉത്തരവാദിത്വങ്ങൾ;

- നഗരസഭയുടെ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾക്ക് നേതൃത്വം നൽകണം.
- ഖരമാലിന്യ പരിപാലനത്തിനു ആവശ്യമായ ബജറ്റ് വകയിരുത്തൽ ഉറപ്പാക്കണം.
- ഖരമാലിന്യ പരിപാലന ബൈലോകൾ രൂപീകരിക്കുന്നതിന് പിന്തുണ നൽകണം.
- വാർഡ് തലത്തിൽ നിയമപാലനം നിരീക്ഷിക്കണം.
- ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സമയബന്ധിത പരിഹാരം ഉറപ്പാക്കണം.
- ഖരമാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കണം – ജനങ്ങളുടെ ശീലത്തിൽ മാറ്റം കൊണ്ടുവരിക, സാമൂഹിക അംഗീകാരം ഉറപ്പാക്കുക, വിവിധ വിഭാഗങ്ങൾ തമ്മിൽ ഏകോപനം സൃഷ്ടിക്കുക എന്നീ മേഖലകളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിന് വലിയ പ്രാധാന്യമുണ്ട്. ഓരോ വാർഡിലെയും ജനങ്ങളുമായി നേരിട്ട് ഇടപഴകുന്ന വ്യക്തികളാണ് ജനപ്രതിനിധികൾ. അതിനാൽ മാലിന്യ വേർതിരിക്കലിന്റെ പ്രാധാന്യം, ഉപയോക്തൃ ഫീസ് അടയ്ക്കേണ്ടതിന്റെ ആവശ്യകത, അനധികൃത മാലിന്യ നിക്ഷേപത്തിന്റെ ദോഷഫലങ്ങൾ എന്നിവ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ അവർക്ക് നിർണായക പങ്ക് വഹിക്കാനാകും. പുതിയ

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 17

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിലും തെറ്റിദ്ധാരണകൾ മാറ്റുന്നതിനും ജനപ്രതിനിധികളുടെ ഇടപെടൽ വിജയത്തിന്റെ പ്രധാന ഘടകമാണ്.

- ജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥരുമായി ഏകോപനം നടത്തണം.
- നിയമലംഘനങ്ങൾക്കെതിരെ നഗരസഭ സ്വീകരിക്കുന്ന നടപടികൾക്ക് പിന്തുണ നൽകണം.

ഇതിനാൽ, ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 ഒരു നിയമരേഖ മാത്രമല്ല; നഗരങ്ങളെ ശുചിത്വവും ആരോഗ്യകരവും സുസ്ഥിരവുമാക്കുന്നതിനുള്ള പ്രവർത്തന മാർഗരേഖയാണ്.

**നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ചുമതലകൾ;**

- ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026–ന്റെ ഫലപ്രദമായ നടപ്പാക്കലിന് നഗരസഭകൾ അനുയോജ്യമായ ബൈലോകൾ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. ബൈലോകളിലൂടെ ഉപയോക്തൃ ഫീസ്, സേവന മാനദണ്ഡങ്ങൾ, ഉറവിടതല മാലിന്യ വേർതിരിക്കൽ, വൻകിട മാലിന്യ ഉൽപ്പാദകരുടെ രജിസ്ട്രേഷൻ, നിയമലംഘനങ്ങൾക്കുള്ള പിഴ, അനധികൃത മാലിന്യ നിക്ഷേപം തടയുന്നതിനുള്ള നടപടികൾ എന്നിവ വ്യക്തമായി നിർവചിക്കാം. ബൈലോകൾ രൂപീകരിക്കുകയും ആവശ്യാനുസരണം പുതുക്കുകയും ചെയ്യുന്ന പ്രക്രിയയിൽ നഗരസഭാ കൗൺസിലിന്റെയും ജനപ്രതിനിധികളുടെയും സജീവ പങ്കാളിത്തം അനിവാര്യമാണ്.
- ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 പ്രകാരം ഓരോ നഗര തദ്ദേശസ്വയംഭരണ സ്ഥാപനവും തങ്ങളുടെ ഭരണപരിധിക്കുള്ളിൽ ഖരമാലിന്യ പരിപാലനത്തിനായി ശാസ്ത്രീയവും കാര്യക്ഷമവും നിയമാനുസൃതവുമായ സംവിധാനം ഒരുക്കേണ്ടതുണ്ട്.
- ഇതിനായി നഗരസഭകൾ ആദ്യം തങ്ങളുടെ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ്, സ്വഭാവം, ഉറവിടങ്ങൾ എന്നിവ കൃത്യമായി തിരിച്ചറിയണം. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാർഷിക പ്രവർത്തന പദ്ധതികൾ തയ്യാറാക്കുകയും, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും, ആവശ്യമായ സാമ്പത്തിക വിഭവങ്ങൾ കണ്ടെത്തുകയും വേണം.
- മാലിന്യം ഉൽപ്പാദിപ്പിക്കുന്ന ഓരോ വീട്ടും സ്ഥാപനവും നഗരസഭയുടെ സേവന ശൃംഖലയുടെ ഭാഗമാണെന്ന് ഉറപ്പാക്കുകയും, ഉറവിടതല മാലിന്യ വേർതിരിക്കൽ, വാതിൽപ്പടി ശേഖരണം, ശാസ്ത്രീയ സംസ്കരണം, വിഭവ വീണ്ടെടുപ്പ്, സുരക്ഷിതമായ അന്തിമ സംസ്കരണം എന്നിവ ഉൾപ്പെടുന്ന സമഗ്ര സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടത് നഗരസഭയുടെ ഉത്തരവാദിത്വമാണ്.
- അതോടൊപ്പം, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF), കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ


* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 18

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും നഗരസഭ നേതൃത്വം നൽകണം.

ഈ ഭാഗം വിശദീകരിക്കുമ്പോൾ ചട്ടങ്ങളിലെ ബന്ധപ്പെട്ട Rule നമ്പറുകൾ (ഉദാ. മാലിന്യ ഉൽപ്പാദകരുടെ ചുമതലകൾ, ULB-കളുടെ ചുമതലകൾ, Bulk Waste Generator, ബൈലോ, Environmental Compensation എന്നിവ) PPT-യിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ജനപ്രതിനിധികൾക്ക് ഏത് ചുമതല ഏത് Rule-ൽ നിന്നാണ് വരുന്നത് എന്നത് വ്യക്തമായി മനസ്സിലാകുന്നത് പരിശീലനത്തിന്റെ ഫലപ്രാപ്തി വർദ്ധിപ്പിക്കും.
ഇതിനെ തുടർന്ന് ബഹു.സുപ്രീം കോടതിയുടെയും ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും ഈ മേഖലയിൽ ഉണ്ടായിട്ടുള്ള ഇടപെടലുകൾ പരാമർശിക്കേണ്ടതാണ്.

**ബഹു. സുപ്രീം കോടതി ഉത്തരവുകളും ദേശീയ ഹരിത ട്രൈബ്യൂണൽ (NGT) ഇടപെടലുകളും**

പരിസ്ഥിതി സംരക്ഷണത്തിനും പൊതുജനാരോഗ്യം ഉറപ്പാക്കുന്നതിനുമായി കേന്ദ്ര സർക്കാർ വിവിധ നിയമങ്ങളും ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ടെങ്കിലും, അവയുടെ ഫലപ്രദമായ നടപ്പാക്കലിൽ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചതിനെ തുടർന്ന് സുപ്രീം കോടതിയും ദേശീയ ഹരിത ട്രൈബ്യൂണലും (National Green Tribunal – NGT) പല കേസുകളിലും നിർണായക ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

ഈ വിധികളും ഉത്തരവുകളും ഖരമാലിന്യ പരിപാലനം ഒരു നിയമപരമായ ബാധ്യത ആണെന്നും, അതിൽ വീഴ്ച വരുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് ഉത്തരവാദിത്തമുള്ള ഏജൻസികൾക്കും നിയമപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്നും വ്യക്തമാക്കുന്നു. അതിനാൽ ജനപ്രതിനിധികൾ ഈ വിധികളുടെ പ്രാധാന്യം മനസ്സിലാക്കി നഗരസഭയുടെ പ്രവർത്തനങ്ങളിൽ നിയമപാലനം ഉറപ്പാക്കുന്നതിനുള്ള നേതൃത്വം നൽകേണ്ടത് അനിവാര്യമാണ്.

**സുപ്രീം കോടതിയുടെ സമീപനം**

സുപ്രീം കോടതി വിവിധ കേസുകളിൽ ഖരമാലിന്യ പരിപാലനം ഭരണഘടനയുടെ അനുച്ഛേദം 21 പ്രകാരമുള്ള ജീവിക്കാനുള്ള അവകാശവുമായി (Right to Life) ബന്ധപ്പെട്ട വിഷയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശുദ്ധമായ പരിസ്ഥിതിയിൽ ജീവിക്കാനുള്ള അവകാശം ഓരോ പൗരന്റെയും മൗലികാവകാശമാണെന്നും, ഖരമാലിന്യത്തിന്റെ ശാസ്ത്രീയമല്ലാത്ത പരിപാലനം ഈ അവകാശത്തെ ബാധിക്കുമെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്.

കോടതി പലതവണ ചൂണ്ടിക്കാട്ടിയ പ്രധാന കാര്യങ്ങൾ ഇവയാണ്:

- ഖരമാലിന്യ പരിപാലന ചട്ടങ്ങൾ നിർബന്ധമായും നടപ്പാക്കണം.
- തുറസ്സായ സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നതും കത്തിക്കുന്നതും അനുവദിക്കരുത്.

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 19

- ഉറവിടതല മാലിന്യ വേർതിരിക്കൽ ഫലപ്രദമായി നടപ്പാക്കണം.
- ശാസ്ത്രീയ സംസ്കരണ സംവിധാനങ്ങൾ വികസിപ്പിക്കണം.
- പഴയ മാലിന്യക്കൂമ്പാരങ്ങൾ (Legacy Waste) ശാസ്ത്രീയമായി സംസ്കരിക്കണം.
- നഗരസഭകൾക്ക് നിയമപരമായ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല.
- പൊതുജനാരോഗ്യവും പരിസ്ഥിതി സംരക്ഷണവും നഗരസഭയുടെ പ്രാഥമിക ഉത്തരവാദിത്വമാണ്.

സുപ്രീം കോടതിയുടെ ഈ നിരീക്ഷണങ്ങൾ ഖരമാലിന്യ പരിപാലനം ഒരു വികസന പദ്ധതിയായി മാത്രമല്ല, നിർബന്ധമായും നടപ്പാക്കേണ്ട നിയമപരമായ ചുമതലയായി മാറ്റിയിട്ടുണ്ട്.

**ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) ഇടപെടലുകൾ**

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ പരിഗണിക്കുന്ന തിനായി രൂപീകരിച്ച ദേശീയ ഹരിത ട്രൈബ്യൂണൽ (NGT), ഖരമാലിന്യ പരിപാലന വിഷയത്തിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾക്കും നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമെതിരെ നിരവധി നിർണായക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

NGTയുടെ ഇടപെടലുകളുടെ പ്രധാന ലക്ഷ്യം കുറ്റക്കാരെ ശിക്ഷിക്കുക മാത്രമല്ല; നിയമപാലനം ഉറപ്പാക്കുകയും പരിസ്ഥിതിക്ക് സംഭവിച്ച നാശനഷ്ടങ്ങൾക്ക് ഉത്തരവാദിത്വം നിശ്ചയിക്കുകയും ചെയ്യുക എന്നതാണ്.

NGTയുടെ സുപ്രധാന ഇടപെടലുകളിൽ ഒന്നാണ് Environmental Compensation എന്ന ആശയം. ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കാതിരുന്നതിലൂടെ പരിസ്ഥിതിക്ക് നാശനഷ്ടം സംഭവിച്ചാൽ, അതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ മറ്റ് ഉത്തരവാദിത്തമുള്ള ഏജൻസികൾക്കോ ബാധകമാകുമെന്ന് ട്രൈബ്യൂണൽ വ്യക്തമാക്കിയിട്ടുണ്ട്.

Environmental Compensation എന്നത് ഒരു സാധാരണ പിഴയല്ല. പരിസ്ഥിതിക്ക് സംഭവിച്ച നാശത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന സാമ്പത്തിക ബാധ്യതയാണ്. അതിനാൽ ഇത് നഗരസഭയുടെ സാമ്പത്തിക വിഭവങ്ങളെ നേരിട്ട് ബാധിക്കുകയും വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി സ്വാധീനിക്കുകയും ചെയ്യാം.

**NGT വിധികളുടെ ചില ഉദാഹരണങ്ങൾ**

നിയമപാലനത്തിലെ വീഴ്ചകൾക്ക് രാജ്യത്തെ വിവിധ നഗരസഭകളും സംസ്ഥാനങ്ങളും വലിയ തോതിൽ Environmental Compensation നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്.

**ഉദാഹരണമായി:**

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 20

| ക്രമ നമ്പർ | സ്ഥാപനം | നഷ്ട പരിഹാര തുക |
|---|---|---|
| 1 | ഫൈസ്പൂർ മുനിസിപ്പാലിറ്റി (മഹാരാഷ്ട്ര) | ₹15.86 കോടി |
| 2 | കൊച്ചി കോർപ്പറേഷൻ | ₹100 കോടി |
| 3 | മണാലി മുനിസിപ്പാലിറ്റി | ₹4 കോടി |
| 4 | മഹാരാഷ്ട്ര സർക്കാർ | ₹12,000 കോടി |
| 5 | പശ്ചിമ ബംഗാൾ സർക്കാർ | ₹3,500 കോടി |
| 6 | പഞ്ചാബ് സർക്കാർ | ₹1,026 കോടി |
| 7 | കൊല്ലം കോർപ്പറേഷൻ (അഷ്ടമുടി കായൽ മലിനീകരണം) | ₹103 കോടി |

**ജനപ്രതിനിധികൾക്കുള്ള പ്രധാന സന്ദേശം**

ജനപ്രതിനിധികൾ ഖരമാലിന്യ പരിപാലനത്തെ ഒരു വികസന പ്രശ്നമായി കാണാതെ, നിയമപരമായ ഉത്തരവാദിത്വമായും പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായും കാണേണ്ടതുണ്ട്. നഗരസഭയുടെ പ്രവർത്തനങ്ങൾ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, സുപ്രീം കോടതി വിധികൾ, ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമാണെന്ന് ഉറപ്പാക്കുന്നതിൽ ജനപ്രതിനിധികൾക്ക് നിർണായക പങ്കുണ്ട്.

**ഇതിനായി അവർ:**

- ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി കൗൺസിലിൽ പതിവായി അവലോകനം ചെയ്യണം.
- നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിത ഇടപെടലുകൾ നടത്തണം.
- ശാസ്ത്രീയ സംസ്കരണ സംവിധാനങ്ങൾക്ക് മുൻഗണന നൽകണം.
- നഗരസഭയുടെ പ്രവർത്തനങ്ങൾ കോടതികളുടെയും നിയമങ്ങളുടെയും നിർദ്ദേശങ്ങൾക്കനുസൃതമാണെന്ന് നിരന്തരം വിലയിരുത്തണം.

തുടർന്ന്, വൻകിട മാലിന്യ ഉൽപ്പാദകരെ കുറിച്ച് ചട്ടത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുക.

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 21

**വൻകിട മാലിന്യ ഉൽപ്പാദകർ (Bulk Waste Generators) – നിർവചനം, ഉത്തരവാദിത്വങ്ങൾ, രജിസ്ട്രേഷൻ, EBWGRC**

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026-ന്റെ പ്രധാന സവിശേഷതകളിലൊന്നാണ് വൻകിട മാലിന്യ ഉൽപ്പാദകർക്ക് (Bulk Waste Generators – BWGs) വ്യക്തമായ ഉത്തരവാദിത്വങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. മുൻകാലങ്ങളിൽ ഖരമാലിന്യ പരിപാലന ത്തിന്റെ പ്രധാന ഉത്തരവാദിത്വം നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കേന്ദ്രീകരിച്ചിരുന്നത്. എന്നാൽ 2026-ലെ ചട്ടങ്ങൾ "മാലിന്യം ഉൽപ്പാദിപ്പിക്കുന്ന ഓരോരു ത്തർക്കും ഉത്തരവാദിത്വമുണ്ട്" എന്ന തത്വത്തെ കൂടുതൽ ശക്തമായി മുന്നോട്ടു വയ്ക്കുന്നു.

വലിയ അളവിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ, അവരുടെ പ്രവർത്തനങ്ങൾ മൂലം നഗരസഭയുടെ മാലിന്യ പരിപാലന സംവിധാനത്തിന് അധികഭാരം സൃഷ്ടിക്കുന്ന തിനാൽ, അത്തരം സ്ഥാപനങ്ങൾ മാലിന്യം കുറയ്ക്കുന്നതിനും ഉറവിടതലത്തിൽ വേർതിരിക്കു ന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും നിയമപ്രകാരം നിർദ്ദിഷ്ട ചുമതലകൾ നിർവഹിക്കേണ്ടതാണ്.

**വൻകിട മാലിന്യ ഉൽപ്പാദകർ ആരെല്ലാം?**

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 പ്രകാരം പ്രതിദിനം 100 ടണ്ണിൽ കൂടുതൽ ഖരമാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ, 40000 ലിറ്ററിൽ കൂടുതൽ വെള്ളം ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ, 20000 ചതു.മീ കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾ എന്നിവ വൻകിട മാലിന്യ ഉൽപ്പാദകർ (Bulk Waste Generators) ആയി പരിഗണിക്കപ്പെടുന്നു.

**സാധാരണയായി ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവ:**

- വലിയ അപ്പാർട്ട്മെന്റ് സമുച്ചയങ്ങൾ
- ഫ്ലാറ്റ് കോംപ്ലക്സുകൾ
- ഹോട്ടലുകളും റിസോർട്ടുകളും
- ആശുപത്രികൾ
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ
- സർക്കാർ ഓഫീസുകൾ
- വാണിജ്യ സമുച്ചയങ്ങൾ
- ഷോപ്പിംഗ് മാളുകൾ
- മാർക്കറ്റുകൾ
- വിവാഹ ഹാളുകളും ഓഡിറ്റോറിയങ്ങളും
- വലിയ ആരാധനാലയങ്ങൾ
- വ്യവസായ സ്ഥാപനങ്ങൾ

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 22

ഇത്തരം സ്ഥാപനങ്ങൾ നഗരസഭയുടെ സാധാരണ ശേഖരണ സംവിധാനത്തെ മാത്രം ആശ്രയിക്കാതെ, നിയമപ്രകാരം നിർദ്ദിഷ്ട ഉത്തരവാദിത്വങ്ങൾ നിർവഹിക്കേണ്ടതാണ്.

**വൻകിട മാലിന്യ ഉൽപ്പാദകരുടെ പ്രധാന ഉത്തരവാദിത്വങ്ങൾ**

- ഉറവിടതലത്തിൽ മാലിന്യം നാല് വിഭാഗങ്ങളായി വേർതിരിക്കുക.
- ജൈവമാലിന്യം സാധ്യമായിടത്ത് സ്ഥാപനത്തിനുള്ളിൽ തന്നെ സംസ്കരിക്കുക അല്ലെങ്കിൽ അംഗീകൃത സംവിധാനങ്ങളിലേക്ക് കൈമാറുക.
- പുനരുപയോഗിക്കാവുന്ന മാലിന്യങ്ങൾ അംഗീകൃത റീസൈക്ലർമാർക്ക് നൽകുക.
- ശുചിത്വ മാലിന്യങ്ങളും പ്രത്യേക ശ്രദ്ധ ആവശ്യമായ മാലിന്യങ്ങളും ചട്ടപ്രകാരം കൈകാര്യം ചെയ്യുക.
- മാലിന്യ ഉൽപ്പാദനത്തിന്റെയും കൈമാറ്റത്തിന്റെയും രേഖകൾ സൂക്ഷിക്കുക.
- നഗരസഭയുടെയും മറ്റ് അധികാരികളുടെയും പരിശോധനകൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുക.
- നിയമലംഘനം ഒഴിവാക്കി പരിസ്ഥിതി സംരക്ഷണ ഉത്തരവാദിത്വം നിർവഹിക്കുക.
- നിലവിലുള്ള വൻകിട മാലിന്യ ഉൽപ്പാദകരിൽ മാലിന്യ സംസ്കരണത്തിന് സംവിധാനം ഇല്ലെങ്കിൽ ആയത് നിശ്ചിത  ഫീസ് നൽകി നഗരസഭകൾക്ക് കൈമാറാവുന്നതാണ്. എന്നാൽ ഭാവിയിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കിയാൽ മാത്രമേ ഇത്തരം സ്ഥാപനങ്ങൾക്ക് അനുമതി നൽകാനാവൂ.
- **കണ്ടെത്തൽ (Identification), മാപ്പിംഗ് (Mapping), രജിസ്ട്രേഷൻ (Registration)**
- വൻകിട മാലിന്യ ഉൽപ്പാദകരെ തിരിച്ചറിയുകയും, അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നത് നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്വമാണ്.
- ഇതിനായി നഗരസഭകൾ:
- നഗരപരിധിയിലുള്ള എല്ലാ Bulk Waste Generators-നെയും തിരിച്ചറിയണം.
- സ്ഥാപനങ്ങളുടെ വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ രേഖപ്പെടുത്തണം.
- രജിസ്ട്രേഷൻ പൂർത്തിയാക്കണം (കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഇതിനായി പ്രത്യേക പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.
- മാലിന്യ ഉൽപ്പാദനത്തിന്റെ അളവും സംസ്കരണ സംവിധാനങ്ങളും രേഖപ്പെടുത്തണം.
- നിയമപാലനം കാലാകാലങ്ങളിൽ പരിശോധിക്കണം.

### Extended Bulk Waste Generator Responsibility Certification (EBWGRC)

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026-ൽ അവതരിപ്പിച്ച പ്രധാന ആശയങ്ങളിലൊന്നാണ് Extended Bulk Waste Generator Responsibility Certification (EBWGRC).

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 23

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

ഈ സംവിധാനത്തിന്റെ ലക്ഷ്യം Bulk Waste Generators നിയമപ്രകാരം നിർദ്ദിഷ്ട ഉത്തരവാദിത്വങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ്.

ഇതിന്റെ ഭാഗമായി സ്ഥാപനങ്ങൾ:

- മാലിന്യ ഉൽപ്പാദനം, വേർതിരിക്കൽ, സംസ്കരണം എന്നിവയുടെ രേഖകൾ സൂക്ഷിക്കണം.
- നിയമപ്രകാരം നിർദേശിച്ച മാനദണ്ഡങ്ങൾ പാലിക്കണം.
- നഗരസഭ ആവശ്യപ്പെടുന്ന വിവരങ്ങൾ സമർപ്പിക്കണം.
- പരിശോധനകൾക്ക് സഹകരിക്കണം.
- ചട്ടപ്രകാരമുള്ള സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കണം.

**പ്രധാന സന്ദേശം**

ഖരമാലിന്യ പരിപാലനത്തിന്റെ ഉത്തരവാദിത്വം നഗരസഭയുടെ മാത്രം ചുമതലയല്ല. വലിയ അളവിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളും അവരുടെ വിഹിത ഉത്തരവാദിത്വം നിർവഹിക്കുമ്പോഴാണ് നഗരസഭയുടെ മാലിന്യ പരിപാലന സംവിധാനം കാര്യക്ഷമമാകുന്നത്. അതിനാൽ, Bulk Waste Generators-നെ നിയമപരമായി ഉത്തരവാദിത്തമുള്ള പങ്കാളികളാക്കി മാറ്റുന്നതാണ് ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026-ന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

**പരിശീലകർക്കുള്ള നിർദ്ദേശം**

ഈ ഭാഗം അവതരിപ്പിക്കുമ്പോൾ പങ്കാളികളോട് ചർച്ച ചെയ്യാവുന്ന ചില ചോദ്യങ്ങൾ:

- നിങ്ങളുടെ നഗരസഭയിൽ പ്രധാന Bulk Waste Generators ആരൊക്കെയാണ്?
- അവർ നിയമപ്രകാരമുള്ള ഉത്തരവാദിത്വങ്ങൾ പാലിക്കുന്നുണ്ടോ?
- നഗരസഭയിൽ BWG രജിസ്ട്രേഷൻ പൂർണ്ണമായിട്ടുണ്ടോ?
- നിയമപാലനം മെച്ചപ്പെടുത്തുന്നതിന് നഗരസഭയും ജനപ്രതിനിധികളും എന്തെല്ലാം നടപടികൾ സ്വീകരിക്കണം?

ഈ ചർച്ചയിലൂടെ പങ്കാളികൾക്ക് തങ്ങളുടെ നഗരസഭയിലെ യാഥാർത്ഥ്യാവസ്ഥ വിലയിരുത്താനും തുടർനടപടികൾ ആസൂത്രണം ചെയ്യാനും കഴിയും.

താഴെ തന്നിട്ടുള്ള കാര്യങ്ങൾ കൂടി ചുരുക്കി അവതരിപ്പിക്കുക.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഖരമാലിന്യ പരിപാലനം**

കേരളത്തിലെ മലനിരകൾ, കുന്നിൻ പ്രദേശങ്ങൾ, വനമേഖലകളോട് ചേർന്നുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ പ്രകൃതിസമ്പത്തിന്റെ സംരക്ഷണത്തോടൊപ്പം വിനോദസഞ്ചാര വികസനത്തിനും പ്രധാന പങ്കുവഹിക്കുന്നു. എന്നാൽ ഇത്തരം പ്രദേശങ്ങളിൽ വിനോദസഞ്ചാരികളുടെ വർദ്ധിച്ചുവരുന്ന സാന്നിധ്യം പ്ലാസ്റ്റിക്


* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 24

മാലിന്യങ്ങൾ, ഭക്ഷ്യാവശിഷ്ടങ്ങൾ, കുപ്പികൾ, മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവയുടെ അളവ് വർദ്ധിപ്പിക്കുകയും പ്രകൃതിദത്ത ആവാസവ്യവസ്ഥയ്ക്കും ജലസ്രോതസ്സുകൾക്കും വന്യജീവികൾക്കും ഗുരുതരമായ ഭീഷണി സൃഷ്ടിക്കുകയും ചെയ്യുന്നു. അതിനാൽ, 2026–ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബൈലോകളും ഇത്തരം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക നിയന്ത്രണങ്ങൾ നിർദ്ദേശിക്കുന്നു. അവ ചുവടെ ചേർക്കുന്നു.

1. മല, കുന്ന്, വനമേഖലകളോട് ചേർന്നുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒറ്റത്തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ (Single Use Plastics) പൂർണമായും നിരോധിക്കണം.
2. വിനോദസഞ്ചാര കേന്ദ്രത്തിന്റെ പ്രവേശന കവാടത്തിൽ നിന്ന് ഒരു കിലോമീറ്റർ പരിധിക്കുള്ളിൽ ഇത്തരം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിൽപ്പനയും വിപണനവും അനുവദിക്കരുത്. ഈ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായ നിരീക്ഷണവും പരിശോധനയും നടത്തണം.
3. വിനോദസഞ്ചാരികൾ കൈവശം കൊണ്ടുവരുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പ്രവേശന കവാടത്തിൽ സജ്ജീകരിച്ചിരിക്കുന്ന കൗണ്ടറിൽ ഏൽപ്പിച്ച് രസീത് വാങ്ങണം. ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന ഫീസ് ഈടാക്കാവുന്നതാണ്. പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ട് ഡെപ്പോസിറ്റ്–റീഫണ്ട് (Deposit–Refund) സംവിധാനം ഇതിലൂടെ നടപ്പാക്കാൻ സാധിക്കും.
4. വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രവേശന കവാടങ്ങളിലും പ്ലാസ്റ്റിക്കിന് പകരമായി ഉപയോഗിക്കാവുന്ന പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്ന കൗണ്ടറുകൾ പ്രവർത്തിപ്പിക്കണം.
5. കേന്ദ്രത്തിന്റെ നടത്തിപ്പുകാർ മതിയായ ശുദ്ധമായ കുടിവെള്ള സൗകര്യം ഉറപ്പാക്കണം. ഇതിലൂടെ പ്ലാസ്റ്റിക് കുപ്പികളുടെ ഉപയോഗം ഗണ്യമായി കുറയ്ക്കാൻ കഴിയും.
6. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, സംരംഭകർ എന്നിവർ നടത്തുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളെ വൻകിട മാലിന്യ ഉൽപ്പാദകരായി (Bulk Waste Generator) കണക്കാക്കുന്നു. അവർ നിർബന്ധമായും 2026–ലെ ഖരമാലിന്യ പരിപാലന ചട്ടപ്രകാരം എല്ലാ മാലിന്യങ്ങളും വിവിധ വിഭാഗങ്ങളായി വേർതിരിച്ച് ശേഖരിക്കണം, ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന സംവിധാനം ഒരുക്കണം, പുനരുപയോഗിക്കാനോ പുനഃസംസ്കരിക്കാനോ കഴിയുന്ന മറ്റ് മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം അല്ലെങ്കിൽ അംഗീകൃത ഏജൻസിക്ക് കൈമാറണം, ഇതിനായി ആവശ്യമായ വൻകിട മാലിന്യ

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 25

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

ഉൽപ്പാദകരുടെ വിപുലീകൃത ഉത്തരവാദിത്വ (Extended Responsibility) സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് നേടണം.

7. വിനോദസഞ്ചാര കേന്ദ്രത്തിനുള്ളിൽ പ്രവർത്തിക്കുന്ന ക്യാന്റീനുകൾ, ഭക്ഷണശാലകൾ, കടകൾ, സ്റ്റാളുകൾ, എന്നിവയുടെ നടത്തിപ്പുകാർ നിശ്ചിത നിറത്തിലും വലിപ്പത്തിലുമുള്ള മാലിന്യ ബിന്നുകൾ സ്ഥാപിക്കണം. ബിന്നുകൾ സമയബന്ധിതമായി ഒഴിപ്പിച്ച് പരിസരം വൃത്തിയായി സൂക്ഷിക്കണം.
8. വിനോദസഞ്ചാര കേന്ദ്രവും പരിസരവും എല്ലായ്പ്പോഴും വൃത്തിയും ശുചിത്വവുമുള്ളതായി നിലനിർത്തേണ്ടത് നടത്തിപ്പുകാരുടെ ഉത്തരവാദിത്വമാണ്. ഇതിനായി ആവശ്യമായ ശുചീകരണ ജീവനക്കാരെ നിയോഗിക്കുക, മതിയായ മാലിന്യ ശേഖരണ സംവിധാനം ഒരുക്കുക, സന്ദർശകർക്കായി ബോധവത്കരണ ബോർഡുകളും നിർദ്ദേശഫലകങ്ങളും സ്ഥാപിക്കുക.
9. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മുന്നറിയിപ്പില്ലാതെയും നിശ്ചിത ഇടവേളകളിലും പരിശോധന നടത്തണം. കേന്ദ്രം മലിനമായതായി കണ്ടെത്തിയാൽ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 335(1), (2), (3) ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പ്രകാരം പിഴയും മറ്റ് നിയമനടപടികളും സ്വീകരിക്കാം.
10. വിനോദസഞ്ചാര കേന്ദ്രത്തിനുള്ളിലൂടെയോ സമീപത്തുകൂടിയോ ഒഴുകുന്ന പുഴകൾ, തോടുകൾ, തടാകങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ, എന്നിവ സഞ്ചാരികളുടെ പ്രവർത്തനഫലമായി മലിനമാകുകയോ മാലിന്യം നിക്ഷേപിക്കപ്പെടുകയോ ചെയ്താൽ അതിന്റെ ഉത്തരവാദിത്വം വിനോദസഞ്ചാര കേന്ദ്രത്തിന്റെ നടത്തിപ്പുകാർക്കായിരിക്കും. ഇത്തരം സാഹചര്യങ്ങളിൽ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 340A (1), (2), (3) പ്രകാരം ഇത് കോഗ്നൈസബിൾ (Cognizable) കുറ്റവും ജാമ്യമില്ലാത്ത (Non-bailable) കുറ്റവുമായി കണക്കാക്കപ്പെടുകയും പിഴയും തടവും ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കപ്പെടുകയും ചെയ്യും. സർക്കാർ വകുപ്പോ പൊതുമേഖലാ സ്ഥാപനമോ സർക്കാർ ഇതര സംഘടനയോ കേന്ദ്രം നടത്തുന്നതാണെങ്കിൽ ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 26

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

**ചട്ടം അനുശാസിക്കുന്ന ഷെഡ്യൂൾ**

| | ജനസംഖ്യ | നടപ്പാക്കുന്നതിനുള്ള സമയപരിധി |
|---|---|---|
| **നഗര പ്രദേശങ്ങൾ** | 10 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങൾ | ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ 18 മാസത്തിനകം |
| | 5 ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങൾ | ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ 24 മാസത്തിനകം |
| | **എല്ലാ നഗരപ്രദേശങ്ങളും** | **ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ 36 മാസത്തിനകം** |

Session 1: **ക്രോഡീകരണം**

**പ്രധാന സന്ദേശങ്ങൾ**

- മാലിന്യ പരിപാലനം ഒരു ശുചീകരണ പ്രവർത്തനം മാത്രമല്ല, ഭരണപരവും നിയമപരവുമായ ഉത്തരവാദിത്വമാണ്.
- 2026 SWM Rules തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകൾ കൂടുതൽ വ്യക്തമാക്കുന്നു.
- ജനപ്രതിനിധികൾ മാറ്റത്തിന് നേതൃത്വം നൽകേണ്ടവരാണ്.
- Bulk Waste Generators നിയമപരമായി ഉത്തരവാദികളാണ്.
- പരാജയപ്പെടുന്ന സ്ഥാപനങ്ങൾക്ക് പരിസ്ഥിതി നഷ്ടപരിഹാരവും നിയമനടപടികളും നേരിടേണ്ടിവരും.

**"ശാസ്ത്രീയ ഖര മാലിന്യ പരിപാലനം ഒരു നിയമബാധ്യത മാത്രമല്ല, ആരോഗ്യകരവും സുസ്ഥിരവുമായ കേരളത്തിനുള്ള അടിസ്ഥാന നിക്ഷേപമാണ്."**

## 3. സെഷൻ 2 : മാലിന്യ പരിപാലന സംവിധാനങ്ങളും അടിസ്ഥാന സൗകര്യ വികസനവും

**ലക്ഷ്യങ്ങൾ:**

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശാസ്ത്രീയ ഖരമാലിന്യ പരിപാലനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അവയുടെ ആസൂത്രണം, സ്ഥാപനം, പ്രവർത്തനം, ധനസ്രോതസ്സുകൾ എന്നിവയെക്കുറിച്ച് ധാരണ നൽകുക.

സമയം: 90 മിനിട്ട്

**ഉള്ളടക്കവും പഠനരീതിയും:**

പരിശീലകൻ ആമുഖമായി താഴെ പറയുന്ന കാര്യങ്ങൾ ചുരുക്കി അവതരിപ്പിക്കണം.

**അടിസ്ഥാന സൗകര്യ വികസനം – സുസ്ഥിര ഖരമാലിന്യ പരിപാലനത്തിന്റെ അടിത്തറ**

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 27

നഗരങ്ങളിൽ ദിനംപ്രതി ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും വൈവിധ്യവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ മാലിന്യം ശേഖരിക്കുകയും നീക്കം ചെയ്യുകയും ചെയ്യുന്നത് മാത്രം മതിയാകില്ല; മറിച്ച് അതിന്റെ ഉൽപ്പാദനം മുതൽ അന്തിമ നിർമ്മാർജ്ജനം വരെ ശാസ്ത്രീയവും നിയമാനുസൃതവും സുസ്ഥിരവുമായ രീതിയിൽ കൈകാര്യം ചെയ്യുന്ന സമഗ്രമായ ഒരു സംവിധാനമാണ് ഓരോ നഗര തദ്ദേശസ്വയംഭരണ സ്ഥാപനവും വികസിപ്പിക്കേണ്ടത്. ഇതിനായി ആവശ്യമായ ഭൗതിക സൗകര്യങ്ങൾ, സാങ്കേതിക സംവിധാനങ്ങൾ, മനുഷ്യവിഭവശേഷി, ധനസഹായം, ഭരണസംവിധാനം, ഡിജിറ്റൽ നിരീക്ഷണ സംവിധാനം എന്നിവയെ ഏകോപിപ്പിച്ചുള്ള വികസനത്തെയാണ് അടിസ്ഥാന സൗകര്യ വികസനം (Infrastructure Development) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

ഒരു നഗരത്തിലെ ഖരമാലിന്യ പരിപാലന സംവിധാനം എത്രത്തോളം കാര്യക്ഷമമാണെന്ന് നിർണയിക്കുന്നത് അവിടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ഗുണനിലവാരവും പ്രവർത്തനക്ഷമതയുമാണ്. ഒരു വീട്ടിൽ മാലിന്യം ശരിയായി നാല് വിഭാഗങ്ങളായി തരംതിരിച്ചാലും അത് ശേഖരിക്കുന്നതിനുള്ള സംവിധാനം ഇല്ലെങ്കിൽ അതിന് പ്രയോജനമില്ല. ശേഖരണ സംവിധാനം ഉണ്ടായാലും ശാസ്ത്രീയ സംസ്കരണ കേന്ദ്രങ്ങൾ ഇല്ലെങ്കിൽ മാലിന്യം വീണ്ടും തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെടും. സംസ്കരണ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനവും പരിപാലനവും ഉറപ്പാക്കിയില്ലെങ്കിൽ വലിയ നിക്ഷേപം നടത്തിയിട്ടും അവ പ്രവർത്തനരഹിതമാകാനുള്ള സാധ്യതയുണ്ട്. അതിനാൽ ഖരമാലിന്യ പരിപാലനത്തിന്റെ വിജയത്തിന് ആവശ്യമായ എല്ലാ ഘട്ടങ്ങളും പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം അനിവാര്യമാണ്.

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 പ്രകാരം നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശാസ്ത്രീയ ഖരമാലിന്യ പരിപാലനത്തിനാവശ്യമായ സംവിധാനങ്ങൾ വികസിപ്പിക്കുകയും അവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുകയും ചെയ്യേണ്ടത് നിയമപരമായ ഉത്തരവാദിത്വമാണ്.

ചട്ടങ്ങളുടെ അടിസ്ഥാന സമീപനം താഴെപ്പറയുന്ന തത്വങ്ങളെ
അടിസ്ഥാനമാക്കിയുള്ളതാണ്.

- മാലിന്യം ഉറവിടത്തിൽ തന്നെ നാല് വിഭാഗങ്ങളായി തരംതിരിക്കുക.
- പരമാവധി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക.
- പുനഃചംക്രമണ സാധ്യതയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണ ശൃംഖലയിലേക്ക് എത്തിക്കുക.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 28

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

- സാനിറ്ററി മാലിന്യങ്ങളും പ്രത്യേക ശ്രദ്ധ ആവശ്യമായ മാലിന്യങ്ങളും പ്രത്യേക സംവിധാനങ്ങളിലൂടെ സുരക്ഷിതമായി കൈകാര്യം ചെയ്യുക.
- പഴയ മാലിന്യക്കൂമ്പാരങ്ങൾ ശാസ്ത്രീയമായി നിർമാർജനം ചെയ്യുക.
- പുതിയ Garbage Vulnerable Points (GVP) രൂപപ്പെടുന്നത് തടയുക.
- ജലസ്രോതസ്സുകളും പൊതുസ്ഥലങ്ങളും മലിനമാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ഇതെല്ലാം ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും അവ ദീർഘകാലം പ്രവർത്തനക്ഷമമായി നിലനിർത്തുകയും ചെയ്യേണ്ടത് ഓരോ നഗരസഭയുടെയും ഉത്തരവാദിത്വമാണ്.

ഒരു സമഗ്ര ഖരമാലിന്യ പരിപാലന സംവിധാനത്തിന് താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ അനിവാര്യമാണ്.

1. **ഉറവിടതല തരംതിരിക്കൽ:** ഓരോ വീട്ടും സ്ഥാപനവും മാലിന്യം നാല് വിഭാഗങ്ങളായി വേർതിരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം.
2. **ജൈവമാലിന്യ സംസ്കരണ സംവിധാനം:** ഉറവിടതല കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ്, കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ കേന്ദ്രങ്ങൾ (ഉദാ: കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ്).
3. **അജൈവ മാലിന്യ പരിപാലന സംവിധാനം:** ഹരിതകർമ്മസേന മുഖേന വാതിൽപ്പടി ശേഖരണം, വാഹന സൗകര്യം, Mini MCF, MCF, RRF എന്നിവ.
4. **സാനിറ്ററി മാലിന്യ ശേഖരണ സംവിധാനം:** അംഗീകൃത ഏജൻസികൾ മുഖേന സുരക്ഷിത ശേഖരണവും സംസ്കരണവും.
5. **പ്രത്യേക ശ്രദ്ധ ആവശ്യമായ മാലിന്യങ്ങളുടെ ശേഖരണ സംവിധാനം:** കാലാവധി കഴിഞ്ഞ മരുന്നുകൾ, പെയിന്റ് ബോക്സുകൾ, ട്യൂബ് ലൈറ്റുകൾ, CFL, ബാറ്ററികൾ, ഇ-മാലിന്യങ്ങൾ തുടങ്ങിയവ ശേഖരിക്കുന്ന പ്രത്യേക സംവിധാനം.
6. **മാലിന്യക്കൂമ്പാരങ്ങളുടെ നിർമാർജനം:** Legacy Waste Dumpsite Remediation, GVP നിർമാർജനം, ഭൂമി വീണ്ടെടുക്കൽ.
7. **ഡിജിറ്റൽ സംവിധാനങ്ങൾ:** ഹരിതമിത്രം ആപ്പ്, GPS വാഹന നിരീക്ഷണം, പരാതി പരിഹാര സംവിധാനം എന്നിവയുടെ പ്രയോജനം.
8. **ജല സ്രോതസ്സുകളുടെ സംരക്ഷണം:** ജലാശയങ്ങളിലേക്ക് ഖരമാലിന്യങ്ങളും മലിനജലവും ഒഴുകി ഇറങ്ങുന്ന ഉറവിടങ്ങൾ കൃത്യമായി കണ്ടെത്തി പൂർണ്ണമായും തടയുക.

തുടർന്ന് ഓരോ തരത്തിലുള്ള മാലിന്യത്തിന്റെ നിലവിലെ അവസ്ഥയും കൈകാര്യം ചെയ്യുന്ന രീതിയും സംബന്ധിച്ച് ചോദ്യോത്തര രീതിയിൽ അവതരിപ്പിക്കേണ്ടതാണ്.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 29

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

പരിശീലനാർത്ഥികൾക്ക് സ്വന്തം നഗരസഭയുടെ നിലവിലെ സാഹചര്യം വിലയിരുത്തുന്നതിനു ഇത് സഹായിക്കും. അതിനായി അതാതു നഗരസഭയുടെ ഒന്നാമത്തെ സെഷനിലേക്ക് തയ്യാറാക്കിയ വിവരങ്ങൾ പരിശീലകൻ മനസിലാക്കേണ്ടതാണ്.

**ജൈവ മാലിന്യ പരിപാലനം**

ഈ ഭാഗത്തു താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.

- നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ എത്രത്തോളം ഉണ്ട്?
- ഇവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണ്?
- കമ്മ്യൂണിറ്റി തലത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ എത്ര എണ്ണം ഉണ്ട്? ഇതിൽ എത്ര അളവ് മാലിന്യം സംസ്കരിക്കുവാൻ കഴിയും?
- കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളെ പറ്റി നിങ്ങൾക്ക് അറിയാവുന്ന കാര്യങ്ങൾ പങ്കു വയ്ക്കാമോ?
- നിങ്ങളുടെ നഗരസഭയിൽ പ്രവർത്തനരഹിതമായ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടോ? അതിന്റെ പ്രധാന കാരണങ്ങൾ എന്താണ്?
- നഗരസഭയിലെ ജൈവമാലിന്യ സംസ്കരണത്തിന്റെ വിടവ് പരിഹരിക്കുന്നതിന് നമുക്ക് എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കാം?
- ജൈവ മാലിന്യ ശേഖരണത്തിനായി അടച്ചുറപ്പുള്ളതും ലീച്ചേറ്റ് ശേഖരണ സംവിധാനം ഉള്ളതുമായ വാഹനം ഉണ്ടോ? അവ കഴുകി വൃത്തിയാക്കുന്നതിനും പാർക്ക് ചെയ്യുന്നതിനു ആവശ്യമായ സ്ഥല സൗകര്യങ്ങൾ ലഭ്യമാണോ?
- ജലസ്രോതസ്സുകളിൽ മാലിന്യവും മലിന ജലവും ഒഴുക്കി വിടുന്ന സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ?

ചർച്ചയ്ക്ക് ശേഷം താഴെ തന്നിട്ടുള്ള കാര്യങ്ങൾ വിശദീകരിക്കുക.

ഖരമാലിന്യ പരിപാലനത്തിൽ ഏറ്റവും കൂടുതൽ അളവിൽ ഉൽപാദിപ്പിക്കപ്പെടുന്ന വിഭാഗമാണ് ജൈവമാലിന്യം. വീടുകൾ, ഹോട്ടലുകൾ, മാർക്കറ്റുകൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ, കല്യാണമണ്ഡപങ്ങൾ, ഭക്ഷണശാലകൾ എന്നിവിടങ്ങളിൽ നിന്ന് ദിനംപ്രതി ഗണ്യമായ അളവിൽ ജൈവമാലിന്യങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നു. ഭക്ഷണാവശിഷ്ടങ്ങൾ, പഴം–പച്ചക്കറി അവശിഷ്ടങ്ങൾ, പൂക്കൾ, ഇലകൾ, പൂന്തോട്ട മാലിന്യങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാതിരുന്നാൽ ദുർഗന്ധം, രോഗാണുക്കളുടെ വ്യാപനം, ഈച്ച–കൊതുക് ശല്യം, ലീച്ചേറ്റ് രൂപീകരണം, ജല–മണ്ണ് മലിനീകരണം, ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ എന്നിവയ്ക്ക് കാരണമാകുന്നു.

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 30

ജൈവമാലിന്യങ്ങൾ സ്വാഭാവികമായി വിഘടിക്കാൻ കഴിവുള്ളവയാണ്. ശരിയായ രീതിയിൽ സംസ്കരിച്ചാൽ കമ്പോസ്റ്റായോ ബയോഗ്യാസായോ മാറ്റാൻ കഴിയുന്ന വിലപ്പെട്ട വിഭവമാണിത്. എന്നാൽ അജൈവമാലിന്യങ്ങളുമായി കലർന്നാൽ പുനരുപയോഗത്തിനുള്ള സാധ്യത കുറയുകയും മുഴുവൻ മാലിന്യപരിപാലന സംവിധാനത്തെയും ബാധിക്കുകയും ചെയ്യും. അതിനാൽ ഓരോ വീടും സ്ഥാപനവും ജൈവമാലിന്യം പ്രത്യേകം ശേഖരിക്കുകയും സംസ്കരിക്കാനുള്ള ശ്രമം നടത്തുകയും വേണം.

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 പ്രകാരം ജൈവമാലിന്യ പരിപാലനത്തിലെ ഏറ്റവും അഭികാമ്യമായ രീതിയാണ് ഉറവിട സംസ്കരണം. മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ സംസ്കരിക്കുന്നതിലൂടെ ഗതാഗതച്ചെലവും മലിനീകരണവും ഗണ്യമായി കുറയ്ക്കാൻ കഴിയും.

ഉറവിട സംസ്കരണത്തിനായി ഉപയോഗിക്കാവുന്ന പ്രധാന സംവിധാനങ്ങൾ:

- കമ്പോസ്റ്റ് ബിൻ
- റിംഗ് കമ്പോസ്റ്റിംഗ്
- പോട്ട് കമ്പോസ്റ്റിംഗ്
- ബയോഗ്യാസ് പ്ലാന്റ്
- മെക്കാനിക്കൽ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ (വൻകിട സ്ഥാപനങ്ങൾക്ക്)

ഓരോ നഗരസഭയും വീടുകൾക്കും ഫ്ലാറ്റ് സമുച്ചയങ്ങൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും അനുയോജ്യമായ സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കണം. ഉറവിട സംസ്കരണം പരമാവധി വ്യാപകമാക്കുന്നത് നഗരസഭയുടെ മാലിന്യ സംസ്കരണ ചെലവ് ഗണ്യമായി കുറയ്ക്കും.

വലിയ അളവിൽ ജൈവമാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ അവിടെയെത്തന്നെ സംസ്കരണ സംവിധാനം ഒരുക്കണം. ഇവിടങ്ങളിൽ കമ്പോസ്റ്റിംഗ് യൂണിറ്റുകളോ ബയോഗ്യാസ് പ്ലാന്റുകളോ സ്ഥാപിച്ച് മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ടതാണ്.

സ്ഥലപരിമിതിയുള്ള വീടുകളോ ഫ്ലാറ്റുകളോ കൂടുതലുള്ള പ്രദേശങ്ങളിൽ ഒന്നിലധികം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് അല്ലെങ്കിൽ ബയോഗ്യാസ് സംവിധാനങ്ങൾ വികസിപ്പിക്കാം.

ഉറവിട സംസ്കരണം സാധ്യമല്ലാത്ത ഇടങ്ങളിൽ നഗരസഭകൾ കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങൾ (വലിയ ബയോഗ്യാസ് പ്ലാന്റുകൾ, കംപ്രസ്ഡ് ബയോഗ്യാസ് യൂണിറ്റുകൾ, വിൻഡ്രോ/ഇൻവെസ്സൽ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ) വികസിപ്പിക്കണം. മാലിന്യത്തിന്റെ അളവ്, ലഭ്യമായ സ്ഥലം, ജനസാന്ദ്രത എന്നിവ പരിഗണിച്ചാണ്

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 31

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

അനുയോജ്യമായ സംവിധാനം തിരഞ്ഞെടുക്കേണ്ടത്. ഇത്തരം സംവിധാനങ്ങൾ സ്ഥാപിക്കുമ്പോൾ നഗരസഭകൾ അനുയോജ്യമായ സ്ഥലം കണ്ടെത്തണം, സാങ്കേതിക മാനദണ്ഡങ്ങൾ പാലിക്കണം, ജൈവമാലിന്യം പ്രത്യേകം ശേഖരിക്കുന്ന സംവിധാനം ഒരുക്കണം, ചോർച്ചയില്ലാത്ത (Leak-proof) ശേഖരണ വാഹനങ്ങൾ, ദുർഗന്ധ നിയന്ത്രണവും ശുചിത്വവും ഉറപ്പാക്കണം, സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കണം.

ഈ ഭാഗം കൂടുതൽ പ്രായോഗികമാക്കുന്നതിനായി പരിശീലകൻ വിജയകരമായ ജൈവമാലിന്യ സംസ്കരണ മാതൃകകൾ അവതരിപ്പിക്കാവുന്നതാണ്. പരിശീലന അവതരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വീഡിയോകളും ചിത്രങ്ങളും ഉപയോഗിച്ച് പരിശാലനാർത്ഥികൾക്ക് യഥാർത്ഥ പ്രവർത്തനരീതികൾ പരിചയപ്പെടുത്താവുന്നതാണ്.

ചർച്ച ചെയ്യാവുന്ന വിഷയങ്ങൾ:

- വിജയകരമായി പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് യൂണിറ്റുകൾ.
- സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകൾ.
- ഉറവിട സംസ്കരണം നൂറുശതമാനം നടപ്പാക്കിയ വാർഡുകളുടെ അനുഭവങ്ങൾ.
- ഇത്തരം ഉദാഹരണങ്ങൾ ജനപ്രതിനിധികൾക്ക് അവരുടെ നഗരസഭകളിൽ സമാന മാതൃകകൾ നടപ്പാക്കുന്നതിനുള്ള ആത്മവിശ്വാസം നൽകും.

**അജൈവ മാലിന്യ പരിപാലനം**

പരിശീലകൻ അജൈവ മാലിന്യ പരിപാലനത്തിന്റെ കാര്യങ്ങൾ ചർച്ച ചെയ്യണം. ഇതിനായി താഴെ പറയുന്ന ചോദ്യങ്ങൾ ഉപയോഗിക്കാവുന്നതാണ്.

1. നിങ്ങളുടെ നഗരസഭയിൽ ഉണ്ടാകുന്ന അജൈവ മാലിന്യത്തിന്റെ അളവ് എത്രയാണ്?
2. നിലവിലെ വാതിൽപ്പടി ശേഖരണം (വീടുകൾ, സ്ഥാപനങ്ങൾ) എത്ര ശതമാനമാണ്?
3. ഹരിത കർമ്മ സേന അംഗങ്ങൾ മതിയായ എണ്ണം ഉണ്ടോ?
4. നിലവിലെ യൂസർ ഫീ ശേഖരണം എത്ര തുകയാണ്? എത്ര ശതമാനം വീടുകൾ/ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്നു.
5. മിനി MCF എത്ര എണ്ണം ഉണ്ട്, അവ പ്രവർത്തനയോഗ്യമാണോ?
6. MCF ൽ പ്രതിമാസം എത്തുന്ന അജൈവ മാലിന്യത്തിന്റെ അളവ് എത്രയാണ്?
7. MCF സ്റ്റോറേജ് കപ്പാസിറ്റി എത്രയാണ്? നിങ്ങളുടെ നഗരസഭയിൽ ഉണ്ടാകുന്ന അജൈവ മാലിന്യത്തിന്റെ സംഭരണത്തിന് പര്യാപ്തമാണോ?
8. ഹരിത കർമ്മ സേന വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം മിനി MCF കളിൽ എത്തിക്കുന്നതിന് നിലവിൽ ഏതൊക്കെ ട്രാൻസ്പോർട്ടേഷൻ സംവിധാങ്ങളാണ് ഒരുക്കിയിട്ടുള്ളത്?

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 32



* This is a computer generated document. Hence no signature is required.

9. ഫോർവേഡ് ലിങ്കേജിനു ഉള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്? ഇത് കാര്യക്ഷമമായി നടക്കുന്നുണ്ടോ?
10. കൊണ്ട് പോകുന്ന മാലിന്യത്തിനു എന്ത് സംഭവിക്കുന്നു എന്ന് അറിയാമോ?
11. തരം തിരിക്കൽ എത്രത്തോളം കാര്യക്ഷമമാണ്? റിജെക്ട്സ് നീക്കം ചെയ്യുന്നതിന് എത്ര തുക ഒരു വർഷം നഗരസഭ ചിലവാക്കുന്നുണ്ട്?

തുടർന്ന് താഴെ പറയുന്ന കാര്യങ്ങൾ ചുരുക്കി പറയാവുന്നതാണ്.

കേരളത്തിലെ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് അജൈവ മാലിന്യങ്ങളുടെ വർദ്ധിച്ചുവരുന്ന അളവ്. നഗരവൽക്കരണം, ഉപഭോഗ സംസ്കാരത്തിലെ മാറ്റങ്ങൾ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വ്യാപനം, പാക്കേജിംഗ് സാമഗ്രികളുടെ വർദ്ധിച്ച ഉപയോഗം എന്നിവ കാരണം പ്ലാസ്റ്റിക്, പേപ്പർ, ഗ്ലാസ്, ലോഹം, തുണി, റബ്ബർ, മൾട്ടി-ലെയർ പ്ലാസ്റ്റിക് (MLP), തെർമോകോൾ തുടങ്ങിയ അജൈവ മാലിന്യങ്ങളുടെ അളവ് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങളിൽ നിന്ന് വ്യത്യസ്തമായി അജൈവ മാലിന്യങ്ങൾ സ്വാഭാവികമായി വിഘടിക്കാത്തതിനാൽ അവ പരിസ്ഥിതിയിൽ വർഷങ്ങളോളം നിലനിൽക്കും. അതിനാൽ ഇവ തുറസ്സായ സ്ഥലങ്ങളിലോ ജലാശയങ്ങളിലോ നിക്ഷേപിക്കുന്നത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 പ്രകാരം അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുകയും, ശാസ്ത്രീയമായി തരംതിരിക്കുകയും, പരമാവധി പുനഃചംക്രമണത്തിനായി കൈമാറുകയും, പുനരുപയോഗം/പുനഃചംക്രമണം സാധ്യമല്ലാത്തവ അനുയോജ്യമായ സംസ്കരണ/നിർമ്മാർജ്ജന സംവിധാനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യേണ്ടത് നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമപരമായ ഉത്തരവാദിത്വമാണ്.

അജൈവ മാലിന്യ പരിപാലനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ:

- അജൈവ മാലിന്യം പരിസ്ഥിതിയിലേക്ക് വലിച്ചെറിയുന്നത് തടയുക.
- പുനഃചംക്രമണം സാധ്യമായ മാലിന്യങ്ങൾ റീസൈക്ലിംഗ് ശൃംഖലയിലേക്ക് എത്തിക്കുക.
- പുനരുപയോഗം/പുനഃചംക്രമണം സാധ്യമല്ലാത്ത മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക/നിർമ്മാർജ്ജനം ചെയ്യുക.
- മാലിന്യത്തിൽ നിന്ന് വിഭവങ്ങളും സാമ്പത്തിക മൂല്യവും വീണ്ടെടുക്കുക.
- പ്രകൃതി വിഭവങ്ങളുടെ അമിത ഉപയോഗം കുറയ്ക്കുക.
- സർക്കുലർ ഇക്കോണമി (Circular Economy) പ്രോത്സാഹിപ്പിക്കുക.

**സാനിറ്ററി മാലിന്യങ്ങളും പ്രത്യേക ശ്രദ്ധ ആവശ്യമായ മാലിന്യങ്ങളും**

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 33

ഈ ഭാഗത്തിന്റെ ആരംഭത്തിൽ താഴെ തന്നിട്ടുള്ള ചോദ്യങ്ങൾ ചർച്ച ചെയ്യുക.

1. സാനിറ്ററി മാലിന്യങ്ങൾ ശേഖരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?
2. നിലവിൽ നഗരസഭയിൽ സാനിറ്ററി മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന രീതി എന്താണ്?
3. ശേഖരിക്കപ്പെടുന്ന സാനിറ്ററി മാലിന്യങ്ങൾ എങ്ങനെയാണ് സംസ്കരിക്കുന്നത്?
4. C&D മാലിന്യ സംഭരണ കേന്ദ്രങ്ങൾ നഗരസഭയിൽ ഉണ്ടോ?
5. പ്രത്യേക ശ്രദ്ധ വേണ്ടുന്ന മാലിന്യങ്ങൾ (ഉപയോഗിച്ച പെയിന്റ് ടിന്നുകൾ, കാലാവധി കഴിഞ്ഞ മരുന്നുകൾ മുതലായവ) നഗരസഭയിൽ കലണ്ടർ അടിസ്ഥാനത്തിൽ ശേഖരിക്കാറുണ്ടോ?

തുടർന്ന് താഴെ പറയുന്ന കാര്യങ്ങൾ ചുരുക്കി അവതരിപ്പിക്കുക.

**സാനിറ്ററി മാലിന്യങ്ങൾ**

ഖരമാലിന്യ പരിപാലനത്തിൽ ജൈവവും അജൈവവുമായ മാലിന്യങ്ങൾക്ക് പുറമേ പ്രത്യേക ശ്രദ്ധ ആവശ്യമായ രണ്ട് പ്രധാന വിഭാഗങ്ങളാണ് സാനിറ്ററി മാലിന്യങ്ങൾ (Sanitary Waste) എന്നും പ്രത്യേക ശ്രദ്ധ വേണ്ട മാലിന്യങ്ങൾ (Special Care Waste) എന്നും അറിയപ്പെടുന്നത്. ഈ മാലിന്യങ്ങൾ സാധാരണ ഗാർഹിക മാലിന്യങ്ങളോടൊപ്പം ശേഖരിക്കുകയോ സംസ്കരിക്കുകയോ ചെയ്യുന്നത് പൊതുജനാരോഗ്യത്തിനും ശുചീകരണ തൊഴിലാളികളുടെ സുരക്ഷയ്ക്കും പരിസ്ഥിതിക്കും ഗുരുതരമായ ഭീഷണിയാകാം.

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 പ്രകാരം നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം മാലിന്യങ്ങൾ പ്രത്യേകം ശേഖരിക്കുന്നതിനും അംഗീകൃത ഏജൻസികളിലൂടെ സുരക്ഷിതമായി സംസ്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടത് നിയമപരമായ ഉത്തരവാദിത്വമാണ്.

സാനിറ്ററി മാലിന്യങ്ങൾ എന്നത് വ്യക്തിഗത ശുചിത്വ ആവശ്യങ്ങൾക്കായി ഉപയോഗിച്ച ശേഷം ഉപേക്ഷിക്കുന്ന വസ്തുക്കളാണ്. ഉദാഹരണങ്ങൾ: സാനിറ്ററി നാപ്കിനുകൾ, ബേബി ഡയപ്പറുകൾ, അഡൾട്ട് ഡയപ്പറുകൾ, ഇൻകോണ്ടിനൻസ് പാഡുകൾ, വ്യക്തിഗത ശുചിത്വ ഉൽപ്പന്നങ്ങൾ, കോണ്ടം മുതലായവ. ഈ മാലിന്യങ്ങൾ രോഗാണുക്കളുടെ വ്യാപനത്തിന് കാരണമാകാൻ സാധ്യതയുള്ളതിനാൽ മറ്റ് മാലിന്യങ്ങളുമായി കലർത്താതെ പ്രത്യേകം ശേഖരിക്കേണ്ടതാണ്.

സാനിറ്ററി മാലിന്യങ്ങൾ സാധാരണ ജൈവമാലിന്യ സംസ്കരണ യൂണിറ്റുകളിലോ അജൈവ മാലിന്യ പുനഃചംക്രമണ സംവിധാനങ്ങളിലോ സംസ്കരിക്കാൻ കഴിയില്ല. അതിനാൽ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകൃത ഏജൻസികളുമായി

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 34

കരാറിൽ ഏർപ്പെടണം, നിശ്ചിത ഇടവേളകളിൽ ശേഖരണ സംവിധാനം ഉറപ്പാക്കണം, നിയമാനുസൃതമായി അന്തിമ സംസ്കരണം നടത്തണം, കൈമാറ്റത്തിന്റെയും സംസ്കരണത്തിന്റെയും രേഖകൾ സൂക്ഷിക്കണം.

**പ്രത്യേക ശ്രദ്ധ ആവശ്യമായ മാലിന്യങ്ങൾ (Special Care Waste)**

സാധാരണ ഗാർഹിക മാലിന്യങ്ങളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യാരോഗ്യത്തിനും പരിസ്ഥിതിക്കും പ്രത്യേക അപകടസാധ്യത സൃഷ്ടിക്കുന്ന ചില മാലിന്യങ്ങൾ പ്രത്യേക ശ്രദ്ധ ആവശ്യമായ മാലിന്യങ്ങളുടെ വിഭാഗത്തിൽപ്പെടുന്നു. ഇവയിൽ കാലാവധി കഴിഞ്ഞ പെയിന്റ് ബോക്സുകളും പെയിന്റ് കണ്ടെയ്നറുകളും, ട്യൂബ് ലൈറ്റുകൾ, CFL, LED ബൾബുകൾ, ബാറ്ററികൾ, ചെറിയ ഇലക്ട്രോണിക് ഉപകരണങ്ങൾ, ഗാർഹിക അപകടകരമായ രാസവസ്തുക്കളുടെ കണ്ടെയ്നറുകൾ എന്നിവ ഉൾപ്പെടുന്നു. ഇത്തരം മാലിന്യങ്ങൾ സാധാരണ മാലിന്യങ്ങളോടൊപ്പം നിക്ഷേപിക്കുന്നത് മണ്ണ്, ഭൂഗർഭജലം, ജലാശയങ്ങൾ എന്നിവ മലിനമാക്കുന്നതിനും വിഷാംശങ്ങൾ പരിസ്ഥിതിയിലേക്ക് വ്യാപിക്കുന്നതിനും കാരണമാകും.

പ്രത്യേക ശ്രദ്ധ ആവശ്യമായ മാലിന്യങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനായി അംഗീകൃത Treatment, Storage and Disposal Facility (TSDF) പരിപാലിക്കുന്ന ഏജൻസികളുടെ സേവനം ഉപയോഗിക്കണം.

നഗരസഭകൾ:

- അംഗീകൃത TSDF ഏജൻസികളെ തിരിച്ചറിയണം.
- ആവശ്യമായ കരാറുകളിൽ ഏർപ്പെടണം.
- ശേഖരണത്തിനുള്ള സമയക്രമം തയ്യാറാക്കണം.
- മാലിന്യങ്ങൾ സുരക്ഷിതമായി കൈമാറണം.
- നിയമാനുസൃത രേഖകൾ സൂക്ഷിക്കണം.

ഈ ഭാഗത്തിന് ശേഷം ചുവടെ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ വിശദീകരിക്കുക.

**1. മാലിന്യക്കൂനകളുടെ നിർമാർജ്ജനം**

കേരളത്തിലെ പല നഗരസഭകളിലും പതിറ്റാണ്ടുകളായി മാലിന്യം ശാസ്ത്രീയ സംസ്കരണമില്ലാതെ തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിച്ചതിന്റെ ഫലമായി വലിയ മാലിന്യക്കൂമ്പാരങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾ ഉപരിതല/ഭൂഗർഭജല മലിനീകരണത്തിനും വായുമലിനീകരണത്തിനും ദുർഗന്ധത്തിനും തീപിടിത്തത്തിനും പൊതുജനാരോഗ്യ പ്രശ്നങ്ങൾക്കും, ഈച്ച, കൊതുക്, എലി തുടങ്ങിയ രോഗവാഹകരുടെ വ്യാപനത്തിനും, മീഥേൻ പോലുള്ള ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിനും, തീപിടിത്തത്തിനും, ഭൂമിയുടെ ഉപയോഗശേഷി നഷ്ടപ്പെടലിനും കാരണമാകുന്നു. അതുകൊണ്ട് തന്നെ ഇത്തരം സ്ഥലങ്ങൾ സാധാരണ മാലിന്യനീക്കം നടത്തി

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 35

Copyright © 2026. KSWMP | All rights reserved.


* This is a computer generated document. Hence no signature is required.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 36

ഒഴിവാക്കുന്നത് മതിയാകില്ല; ശാസ്ത്രീയ രീതിയിൽ പുനരുദ്ധാരിക്കണം. ഡമ്പ്സൈറ്റ് റമീഡിയേഷൻ എന്നത് പഴയ മാലിന്യക്കൂമ്പാരങ്ങളെ ശാസ്ത്രീയമായി സംസ്കരിച്ച് ഭൂമി പുനരുപയോഗയോഗ്യമാക്കുന്ന പ്രക്രിയയാണ്.

2. **Garbage Vulnerable Points (GVP) നിർമാർജ്ജനം**

പൊതുസ്ഥലങ്ങളിൽ ആവർത്തിച്ച് മാലിന്യം തള്ളുന്ന സ്ഥലങ്ങളെയാണ് Garbage Vulnerable Points (GVP) എന്ന് വിളിക്കുന്നത്. ഇത്തരം സ്ഥലങ്ങൾ രൂപപ്പെടുന്നതിനുള്ള പ്രധാന കാരണങ്ങൾ വാതിൽപ്പടി ശേഖരണത്തിന്റെ അപര്യാപ്തത, പൊതുജനങ്ങളുടെ അവബോധക്കുറവ്, ആവശ്യമായ ബിന്നുകളുടെ അഭാവം, ഫലപ്രദമായ നിരീക്ഷണത്തിന്റെ അഭാവം, നിയമനടപടികളുടെ അപര്യാപ്തത എന്നിവയാണ്. GVP-കൾ നഗരത്തിന്റെ ശുചിത്വത്തെയും പൊതുജനാരോഗ്യത്തെയും വിനോദസഞ്ചാര സാധ്യതകളെയും പ്രതികൂലമായി ബാധിക്കുന്നു.

ഒരു GVP ശുചീകരിച്ചതുകൊണ്ട് മാത്രം പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. അത് വീണ്ടും രൂപപ്പെടാതിരിക്കാൻ സ്ഥിരമായ സംവിധാനം വികസിപ്പിക്കണം. ഇതിനായി നഗരസഭകൾ GVP-കളുടെ സർവേയും മാപ്പിംഗും നടത്തുക, അടിയന്തരമായി മാലിന്യം നീക്കം ചെയ്യുക, സ്ഥിരമായ വാതിൽപ്പടി ശേഖരണം ഉറപ്പാക്കുക, ആവശ്യമായ സ്ഥലങ്ങളിൽ പൊതുബിന്നുകളോ പ്രത്യേക ശേഖരണ സംവിധാനങ്ങളോ ഒരുക്കുക, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക, CCTV, പൊതുനിരീക്ഷണം തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുക, നിയമലംഘനങ്ങൾക്കെതിരെ പിഴയും മറ്റ് നടപടികളും സ്വീകരിക്കുക, വാർഡ് തല ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

3. **ജലസ്രോതസ്സുകളുടെ സംരക്ഷണം**

ഖരമാലിന്യ പരിപാലനത്തിൽ ഏറ്റവും പ്രധാനപ്പെട്ട പരിസ്ഥിതി ഉത്തരവാദിത്വങ്ങളിലൊന്നാണ് നദികൾ, കായലുകൾ, കുളങ്ങൾ, കനാലുകൾ, തോടുകൾ, കടൽത്തീരം തുടങ്ങിയ ജലസ്രോതസ്സുകളെ മാലിന്യ മലിനീകരണത്തിൽ നിന്ന് സംരക്ഷിക്കുന്നത്. ജലാശയങ്ങളിലേക്ക് മാലിന്യം തള്ളുന്നത് കുടിവെള്ളത്തിന്റെ ഗുണനിലവാരം കുറയ്ക്കുന്നു, ജലജീവികളുടെ ആവാസവ്യവസ്ഥയെ ബാധിക്കുന്നു, മത്സ്യസമ്പത്തിന് നാശം വരുത്തുന്നു, വിനോദസഞ്ചാര മേഖലയെ ബാധിക്കുന്നു, പൊതുജനാരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. പ്രത്യേകിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ജലാശയങ്ങളിൽ അടിഞ്ഞുകൂടുന്നത് ദീർഘകാല പരിസ്ഥിതി പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുന്നു.

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് നഗരസഭകൾ താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പാക്കണം:

- ജലാശയങ്ങളുടെ സമീപത്ത് മാലിന്യം നിക്ഷേപിക്കുന്നത് പൂർണ്ണമായും തടയുക.

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

- പതിവായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക.
- ജലാശയങ്ങളിലേക്ക് മാലിന്യം ഒഴുകിയെത്തുന്നത് തടയുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുക.
- ജനകീയ പങ്കാളിത്തത്തോടെ ശുചീകരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.
- നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുക.
- പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുമായി ഏകോപനം ഉറപ്പാക്കുക.

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 പ്രകാരം നഗരസഭകളും കോർപ്പറേഷനുകളും പഴയ മാലിന്യക്കൂമ്പാരങ്ങളുടെ ശാസ്ത്രീയ നിർമാർജ്ജനവും GVP ഇല്ലാതെയാക്കലും ജലസ്രോതസ്സുകളുടെ സംരക്ഷണവും ഉറപ്പാക്കേണ്ടതുണ്ട്.

ഈ ഭാഗം അവതരിപ്പിക്കുമ്പോൾ പരിശീലകന് താഴെ തന്നിട്ടുള്ള സങ്കേതങ്ങൾ ഉപയോഗിക്കാം:

- കേരളത്തിലെ വിജയകരമായ Dumpsite Remediation പദ്ധതികളുടെ ചിത്രങ്ങളും വീഡിയോകളും അവതരിപ്പിക്കുക.
- GVP ഇല്ലാതെയാക്കലിന് മുമ്പും ശേഷവും എടുത്ത ചിത്രങ്ങൾ കാണിക്കുക.
- പങ്കാളികളോട് അവരുടെ നഗരസഭയിലെ Legacy Dumpsite, GVP, ജലാശയ മലിനീകരണം എന്നിവ സംബന്ധിച്ച അനുഭവങ്ങൾ പങ്കുവെക്കാൻ ആവശ്യപ്പെടുക.
- "ഒരു GVP എങ്ങനെ സ്ഥിരമായി ഇല്ലാതാക്കാം?" എന്ന വിഷയത്തിൽ ഗ്രൂപ്പ് ചർച്ച സംഘടിപ്പിക്കാവുന്നതാണ്.

ചർച്ചയ്ക്ക് ശേഷം ധനസ്രോതസ്സുകളേയും അവയുടെ ഏകോപന സാധ്യതകളെയും കുറിച്ച് താഴെ പറയുന്നവയെ അടിസ്ഥാനമാക്കി പരിശീലകൻ വിശദീകരിക്കേണ്ടതുണ്ട്.

**ധനസ്രോതസ്സുകളും സമന്വയ സാധ്യതകളും**

ഖരമാലിന്യ പരിപാലനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ പ്രവർത്തനവും പരിപാലനവും ദീർഘകാലം ഉറപ്പാക്കുന്നതിനും മതിയായ സാമ്പത്തിക വിഭവങ്ങൾ അനിവാര്യമാണ്. സംസ്കരണ പ്ലാന്റുകൾ, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF), ശേഖരണ വാഹനങ്ങൾ, പൊതുസ്ഥലങ്ങളിലെ ബിന്നുകൾ, ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവയെല്ലാം തുടർച്ചയായ സാമ്പത്തിക പിന്തുണ ആവശ്യപ്പെടുന്ന ഘടകങ്ങളാണ്. ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 പ്രകാരം നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ധനസ്രോതസ്സുകൾ കണ്ടെത്തുകയും അവ ഫലപ്രദമായി വിനിയോഗിക്കുകയും വേണം.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 37

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 38

**ഖരമാലിന്യ പരിപാലനത്തിനുള്ള പ്രധാന ധനസ്രോതസ്സുകൾ**

1. **സ്വച്ഛ് ഭാരത് മിഷൻ (SBM-Urban)**

സ്വച്ഛ് ഭാരത് മിഷൻ (അർബൻ) നഗര ശുചിത്വം മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ്. ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട വിവിധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ശുചിത്വ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഈ പദ്ധതിയിലൂടെ ധനസഹായം ലഭ്യമാണ്.

**SBM പദ്ധതി മുഖേന ലഭ്യമാകുന്ന പ്രധാന പിന്തുണകൾ:**

- ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുക
- MCF, RRF തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക
- ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക
- ശേഷി വികസന (Capacity Building) പരിപാടികൾ നടത്തുക

2. **ശുചിത്വ മിഷൻ (Suchitwa Mission)**

കേരള സർക്കാരിന്റെ ശുചിത്വ മിഷൻ നഗര–ഗ്രാമ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകുന്ന പ്രധാന ഏജൻസിയാണ്.

ശുചിത്വ മിഷന്റെ പിന്തുണ:

- സാങ്കേതിക മാർഗനിർദ്ദേശങ്ങൾ
- ഖരമാലിന്യ പരിപാലനത്തിനുള്ള സാമ്പത്തിക സഹായം
- പരിശീലനവും ശേഷി വികസനവും
- പദ്ധതികളുടെ നിരീക്ഷണം
- ബോധവൽക്കരണ പ്രവർത്തനങ്ങൾ
- വിവിധ മാലിന്യ പരിപാലന പദ്ധതികളുടെ ഏകോപനം
- ഏജൻസികളെ/സേവനദാതാക്കളെ ലഭ്യമാക്കൽ

3. **കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP)**

ലോകബാങ്കിന്റെ ധനസഹായത്തോടെ കേരള സർക്കാർ നടപ്പാക്കുന്ന കേരള ഖരമാലിന്യ പരിപാലന പദ്ധതി നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്.

ഈ പദ്ധതിയിലൂടെ ലഭിക്കുന്ന പ്രധാന പിന്തുണകൾ:

- അടിസ്ഥാന സൗകര്യ വികസനം
- സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ
- വാഹനങ്ങളും ഉപകരണങ്ങളും വാങ്ങൽ

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

- ഡിജിറ്റൽ നിരീക്ഷണ സംവിധാനങ്ങൾ ഒരുക്കൽ
- ശേഷി വികസന പരിപാടികൾ നടപ്പിലാക്കൽ
- സ്ഥാപനശേഷി ശക്തിപ്പെടുത്തൽ
- സാങ്കേതിക സഹായങ്ങൾ നൽകുക

4. **പതിനാറാം ധനകാര്യ കമ്മീഷൻ / കേന്ദ്ര ധനകാര്യ കമ്മീഷൻ (Finance Commission Grants)**

ധനകാര്യ കമ്മീഷൻ മുഖേന ലഭിക്കുന്ന ഗ്രാന്റുകൾ നഗരസഭകൾക്ക് ഖരമാലിന്യ പരിപാലന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്.

ഈ ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ:

- നിശ്ചിത മാർഗനിർദ്ദേശങ്ങൾ പാലിക്കണം.
- മുൻഗണനാ പ്രവർത്തനങ്ങൾ കൗൺസിൽ അംഗീകരിക്കണം.
- ഫലപ്രദമായ ആസൂത്രണവും നിരീക്ഷണവും ഉറപ്പാക്കണം.

5. **പ്ലാൻ ഫണ്ടും തദ്ദേശസ്ഥാപനത്തിന്റെ സ്വന്തം വരുമാനവും**

നഗരസഭയുടെ വാർഷിക പദ്ധതി ഫണ്ടും സ്വന്തം വരുമാനവും ഖരമാലിന്യ പരിപാലനത്തിനുള്ള പ്രധാന ധനസ്രോതസ്സുകളാണ്.

ഇവ ഉപയോഗിച്ച് താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കാം:

- വാർഡ് തല ശുചിത്വ പദ്ധതികൾ
- സംസ്കരണ യൂണിറ്റുകളുടെ പരിപാലനം
- പൊതുസ്ഥലങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ
- വാഹനങ്ങളുടെ അറ്റകുറ്റപ്പണി
- പുതിയ അടിസ്ഥാന സൗകര്യങ്ങൾ

6. **CSR (Corporate Social Responsibility) ഫണ്ടുകൾ**

വ്യവസായ സ്ഥാപനങ്ങളുടെ CSR ഫണ്ടുകൾ ഉപയോഗപ്പെടുത്തി നഗരസഭകൾക്ക് ശുചിത്വ പദ്ധതികൾ നടപ്പാക്കാൻ കഴിയും.

CSR മുഖേന പിന്തുണ ലഭിക്കുന്നവ.

- ബോട്ടിൽ ബൂത്തുകൾ
- പൊതുബിന്നുകൾ
- ബോധവൽക്കരണ പരിപാടികൾ
- ഹരിത പദ്ധതികൾ
- സ്കൂൾ ശുചിത്വ പരിപാടികൾ

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 39

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

## 7. Urban Agglomeration / പ്രത്യേക പദ്ധതികൾ

വലിയ നഗരപ്രദേശങ്ങളിൽ ഒന്നിലധികം നഗരസഭകൾ സംയുക്തമായി മാലിന്യ സംസ്കരണ പദ്ധതികൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്. സംയുക്ത സംസ്കരണ പ്ലാന്റുകൾ, RRF-കൾ, RDF യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നത് ചെലവ് കുറയ്ക്കുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും.

ഇതിനുശേഷം വിവിധ വകുപ്പുകളും ഏജൻസികളും ഈ മേഖലയിൽ സഹകരിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിക്കാവുന്നതാണ്.

**സമന്വയ സാധ്യതകൾ (Convergence)**

ഖരമാലിന്യ പരിപാലനം ഒരു വകുപ്പിന്റെ മാത്രം ഉത്തരവാദിത്വമല്ല. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സമൂഹ സംഘടനകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം ഉറപ്പാക്കിയാൽ മാത്രമേ സുസ്ഥിര സംവിധാനം രൂപപ്പെടുത്താൻ കഴിയൂ.

പ്രധാന സമന്വയ സാധ്യതകൾ:

1. ശുചിത്വ മിഷൻ
2. കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP)
3. ആരോഗ്യ വകുപ്പ്
4. മലിനീകരണ നിയന്ത്രണ ബോർഡ്
5. ക്ലീൻ കേരള കമ്പനി
6. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
7. വിദ്യാഭ്യാസ വകുപ്പ്
8. കുടുംബശ്രീ
9. ഹരിതകേരളം മിഷൻ
10. അമൃത്
11. സ്മാർട്ട് സിറ്റി
12. തൊഴിലുറപ്പ് പദ്ധതി
13. വ്യവസായ വകുപ്പ്
14. റസിഡന്റ്സ് അസോസിയേഷനുകൾ
15. റീസൈക്ലിംഗ് ഏജൻസികൾ

| വകുപ്പ് | പ്രധാന പങ്ക് |
|---|---|
| Suchitwa Mission | സാങ്കേതിക പിന്തുണ |

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 40

| | |
|---|---|
| KSWMP | അടിസ്ഥാന സൗകര്യ വികസനം |
| ആരോഗ്യ വകുപ്പ് | പൊതുജനാരോഗ്യം |
| Pollution Control Board | പരിസ്ഥിതി മലിനീകരണ നിയന്ത്രണം |
| ക്ലീൻ കേരള കമ്പനി | ഫോർവേഡ് ലിങ്കേജ് |
| കില | പരിശീലനം |
| കുടുംബശ്രീ | സമൂഹ പങ്കാളിത്തം |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | ബോധവൽക്കരണം |
| സ്വകാര്യ സ്ഥാപനങ്ങൾ | റീസൈക്ലിംഗ്, CSR |
| റസിഡൻസ് അസോസിയേഷൻ | പൊതു ജനപങ്കാളിത്തം |
| റീസൈക്ലിങ് ഏജൻസികൾ | ഫോർവേഡ് ലിങ്കേജ് |

ഇത്തരം സമന്വയം സേവനങ്ങളുടെ ആവർത്തനം ഒഴിവാക്കുന്നതിനും വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും സഹായിക്കും.

ഈ ഭാഗം അവതരിപ്പിക്കുമ്പോൾ പരിശീലകൻ പങ്കാളികളുമായി താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം.

- നിങ്ങളുടെ നഗരസഭ ഖരമാലിന്യ പരിപാലനത്തിനായി നിലവിൽ ഉപയോഗിക്കുന്ന പ്രധാന ധനസ്രോതസ്സുകൾ ഏതൊക്കെയാണ്?
- ഉപയോക്തൃഫീസ് ശേഖരണത്തിൽ എന്തെല്ലാം വെല്ലുവിളികളാണ് നേരിടുന്നത്?
- CSR അല്ലെങ്കിൽ മറ്റ് ബാഹ്യ ധനസഹായ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ?
- വിവിധ വകുപ്പുകളുടെ ഏകോപനം മെച്ചപ്പെടുത്താൻ സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയാണ്?

ചർച്ചയ്ക്ക് ശേഷം അടുത്ത ഭാഗമായ ഡിജിറ്റലൈസേഷന്റെ പ്രാധാന്യം വിശദീകരിക്കുക.

**ഡിജിറ്റലൈസേഷൻ (Digitalization in Solid Waste Management)**

സേവനങ്ങളുടെ കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്തം, തത്സമയ നിരീക്ഷണം (Real–time Monitoring) എന്നിവ ഉറപ്പാക്കാൻ ഡിജിറ്റൽ സംവിധാനങ്ങൾ അനിവാര്യമാണ്.

ഡിജിറ്റലൈസേഷന്റെ നേട്ടങ്ങൾ:

- വീടുകളുടെ/സ്ഥാപനങ്ങളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താം.
- ശേഖരണ സേവനങ്ങൾ നിരീക്ഷിക്കാം.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 41



* This is a computer generated document. Hence no signature is required.

- വാഹനങ്ങളുടെ പ്രവർത്തനം തത്സമയം വിലയിരുത്താം.
- പരാതികൾ വേഗത്തിൽ പരിഹരിക്കാം.
- കൃത്യമായ റിപ്പോർട്ടുകൾ തയ്യാറാക്കാം.
- ഒരു തദ്ദേശസ്ഥാപനത്തിൽ ആയിരക്കണക്കിന് വീടുകളിൽ നിന്ന് ദിവസേന മാലിന്യം ശേഖരിക്കുമ്പോൾ എഴുതി തയ്യാറാക്കുന്ന റെക്കോർഡ് സംവിധാനങ്ങൾ മാത്രം ഉപയോഗിക്കുന്നത് പ്രായോഗികമല്ല.
- ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിലൂടെ:
- ഡാറ്റയുടെ കൃത്യത വർധിക്കുന്നു.
- പിശകുകൾ കുറയുന്നു.
- സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നു.
- തീരുമാനങ്ങൾ വേഗത്തിൽ എടുക്കാൻ സാധിക്കുന്നു.
- വിഭവങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്താം.

**ഡിജിറ്റലൈസേഷനു നിലവിലുള്ള സംവിധാനങ്ങൾ**

1. **ഹരിതമിത്രം (Haritha Mithram)**

ഹരിതമിത്രം ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട സേവനങ്ങൾ ഡിജിറ്റലായി രേഖപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി വികസിപ്പിച്ച സംവിധാനമാണ്. ഓരോ വീടിന്റെയും/സ്ഥാപനത്തിന്റെയും QR കോഡ് സ്കാനിംഗ് വഴി മാലിന്യ ശേഖരണ വിവരങ്ങൾ ഡിജിറ്റലായി രേഖപ്പെടുത്തുകയും ട്രാക്ക് ചെയ്യുകയും ചെയ്യുന്നു.

ഇത് ഉപയോഗിച്ച് താഴെ പറയുന്ന വിവരങ്ങൾ വിശകലനം ചെയ്യുവാൻ സാധിക്കും.

- ഏത് വീടുകളിൽ നിന്ന് മാലിന്യം ശേഖരിച്ചു?
- ആരൊക്കെ സേവനം സ്വീകരിച്ചില്ല?
- എത്ര വീടുകൾ ബാക്കിയുണ്ട്?
- പ്രതിദിന ശേഖരണ പുരോഗതി.
- ഉപയോക്തൃഫീസ് ശേഖരണ വിവരങ്ങൾ

2. GPS Vehicle Tracking

മാലിന്യം ശേഖരിക്കുന്ന വാഹനങ്ങളുടെ സഞ്ചാരപാതയും പ്രവർത്തനവും Global Positioning System (GPS) ഉപയോഗിച്ച് തത്സമയം നിരീക്ഷിക്കുന്ന സംവിധാനമാണ്.

GPS Tracking ന്റെ പ്രധാന ഉപയോഗങ്ങൾ:

- വാഹനത്തിന്റെ സ്ഥാനം അറിയുക
- റൂട്ട് നിരീക്ഷണം
- സമയ നിയന്ത്രണം
- ഇന്ധന ചെലവ് നിയന്ത്രണം

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 42

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

### 3. പരാതി പരിഹാര സംവിധാനം (Grievance Redressal System)

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പരാതികൾ പൊതുജനങ്ങൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെയോ മൊബൈൽ ആപ്പ് വഴിയോ വാട്ട്സ്ആപ്പ് നമ്പർ വഴിയോ നൽകാനും അവയ്ക്ക് സമയബന്ധിത പരിഹാരം ഉറപ്പാക്കാനുമുള്ള സംവിധാനമാണിത്.

പരാതി പരിഹാരത്തിന്റെ ഘട്ടങ്ങൾ

- പരാതി സ്വീകരിക്കൽ
- രജിസ്റ്റർ ചെയ്യൽ
- ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കൈമാറൽ
- പരിശോധന
- പരിഹാര നടപടി
- പരാതിക്കാരനെ അറിയിക്കൽ
- പരാതി ക്ലോസ് ചെയ്യൽ

**ഖരമാലിന്യ പരിപാലന അടിസ്ഥാന സൗകര്യ വികസനത്തിൽ ജനപ്രതിനിധികളുടെ പങ്ക് ചുവടെ ഉൾപ്പെടുത്തുന്നു. ആയതിന്റെ സംഗ്രഹം അവതരിപ്പിക്കുക.**

**ജനപ്രതിനിധികളുടെ പങ്ക്**

ഖരമാലിന്യ പരിപാലനത്തിന്റെ വിജയത്തിൽ ജനപ്രതിനിധികൾക്ക് നിർണായക പങ്കുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനം ഉറപ്പാക്കുന്നതിനും പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും നഗരസഭാ കൗൺസിലിന്റെ നേതൃത്വമാണ് ഏറ്റവും പ്രധാനപ്പെട്ടത്.

**ജനപ്രതിനിധികൾ:**

- ബൈലോ തയ്യാറാക്കുന്നതിന് നേതൃത്വം നൽകുക.
- ഉറവിട സംസ്കരണം വാർഡ് തലത്തിൽ പ്രോത്സാഹിപ്പിക്കണം.
- വൻകിട മാലിന്യ ഉൽപ്പാദകർ സ്വന്തം ജൈവമാലിന്യം സംസ്കരിക്കുന്നുവെന്ന് ഉറപ്പാക്കണം.
- കമ്മ്യൂണിറ്റി തല സംസ്കരണ പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ നേതൃത്വം നൽകണം.
- സ്ഥാപിച്ച സംവിധാനങ്ങളുടെ പ്രവർത്തനവും പരിപാലനവും നിരന്തരം വിലയിരുത്തണം.
- പൊതുജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് സാമൂഹിക അംഗീകാരം ഉറപ്പാക്കണം.
- എല്ലാ വാർഡുകളിലും വാതിൽപ്പടി ശേഖരണം കാര്യക്ഷമമായി നടക്കുന്നത് ഉറപ്പാക്കണം.
- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകണം.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 43

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

- Mini MCF, MCF, RRF എന്നിവയുടെ വികസനത്തിനും പ്രവർത്തനത്തിനും ആവശ്യമായ തീരുമാനങ്ങൾക്ക് നേതൃത്വം നൽകണം.
- ഉപയോക്തൃഫീസ് ശേഖരണത്തിനും ഉറവിടതല തരംതിരിക്കലിനും പൊതുജന പിന്തുണ ഉറപ്പാക്കണം.
- പൊതുസ്ഥലങ്ങളിലെ ബിന്നുകളും ബോട്ടിൽ ബൂത്തുകളും ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കണം.
- റീസൈക്ലിംഗ് സംവിധാനങ്ങളും RDF സംവിധാനങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് കൗൺസിൽ തലത്തിൽ വിലയിരുത്തണം.
- നഗരസഭയിൽ സാനിറ്ററി മാലിന്യത്തിനു പ്രത്യേക ശേഖരണ സംവിധാനം നിലവിലുണ്ടെന്ന് ഉറപ്പാക്കണം.
- അംഗീകൃത ഏജൻസികളുമായുള്ള കരാറുകൾ സമയബന്ധിതമായി പുതുക്കുന്നതിന് പിന്തുണ നൽകണം.
- പ്രത്യേക ശ്രദ്ധ ആവശ്യമായ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള നടപടികൾക്ക് പിന്തുണ നൽകണം.
- വാർഡ് അടിസ്ഥാനത്തിൽ Legacy Dumpsite-കളും GVP-കളും തിരിച്ചറിയണം.
- അവയുടെ നിർമാർജ്ജനത്തിന് നഗരസഭയിൽ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളണം.
- റമീഡിയേഷൻ പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ അതിന്റെ പുരോഗതി നിരന്തരം വിലയിരുത്തണം.
- ജലാശയ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.
- നിയമലംഘനങ്ങൾക്കെതിരെ നഗരസഭ സ്വീകരിക്കുന്ന നടപടികൾക്ക് പിന്തുണ നൽകണം.
- CSR ഉൾപ്പെടെയുള്ള ബാഹ്യ വിഭവങ്ങൾ സമാഹരിക്കാൻ മുൻകൈ എടുക്കണം.
- വിവിധ വകുപ്പുകളുടെ ഏകോപന യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് പിന്തുണ നൽകണം.
- ഖരമാലിന്യ പരിപാലന പദ്ധതികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കണം.
- ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ ഉത്തരവാദിത്വങ്ങൾ നിർവചിച്ചിരിക്കുന്നു. ഈ ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ശക്തമായ രാഷ്ട്രീയ നേതൃത്വം, കാര്യക്ഷമമായ ഭരണസംവിധാനം, പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ, ഹരിതകർമ്മസേന, പൊതുജന പങ്കാളിത്തം, മതിയായ ധനസഹായം എന്നിവ ഒരുപോലെ ആവശ്യമാണ്.
- ഈ പ്രക്രിയയ്ക്ക് നേതൃത്വം നൽകുകയും നഗരസഭയെ ശുചിത്വവും മാലിന്യമുക്തവും നിയമാനുസൃതവുമായ നഗരമാക്കി മാറ്റുന്നതിൽ ജനപ്രതിനിധികൾ നിർണായക പങ്കുവഹിക്കേണ്ടതാണ്.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 44

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

# 4. സെഷൻ 3: നിയമനടപടികൾ

**ലക്ഷ്യങ്ങൾ:**

- നിയമവ്യവസ്ഥയേകുറിച്ചുള്ള അവബോധം സൃഷ്ടിക്കുക
- നിയമ ലംഘകർക്ക് എതിരെ നടപടി ഉറപ്പാക്കുക

**സമയം: 60 മിനിട്ട്**

**ഉള്ളടക്കവും പഠനരീതിയും:**

ഈ സെഷന്റെ ആമുഖമായി താഴെ പറയുന്ന കാര്യങ്ങൾ ചുരുക്കി അവതരിപ്പിക്കേണ്ടതാണ്.

**പരിസ്ഥിതി നഷ്ടപരിഹാര തത്വം (Polluter Pays Principle)**

ആധുനിക പരിസ്ഥിതി നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട തത്വങ്ങളിൽ ഒന്നാണ് "Polluter Pays Principle" (മലിനീകരിക്കുന്നവൻ നഷ്ടപരിഹാരം നൽകണം). ഈ തത്വപ്രകാരം, പരിസ്ഥിതിക്ക് നാശം വരുത്തുന്ന വ്യക്തിയോ സ്ഥാപനമോ ആ നാശം പരിഹരിക്കുന്നതിനുള്ള മുഴുവൻ ചെലവും വഹിക്കണം.

ഇത് ഒരു ശിക്ഷാ തത്വം മാത്രമല്ല; മറിച്ച് പരിസ്ഥിതിക്ക് സംഭവിച്ച നാശം പുനഃസ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക ഉത്തരവാദിത്വം നിർണ്ണയിക്കുന്ന നിയമതത്വമാണ്.

ഉദാഹരണത്തിന്, ഒരു വ്യക്തി പൊതുസ്ഥലത്ത് മാലിന്യം തള്ളിയാൽ അത് നീക്കം ചെയ്യുന്നതിനും പ്രദേശം ശുചീകരിക്കുന്നതിനും ഉണ്ടാകുന്ന ചെലവ് സമൂഹം വഹിക്കേണ്ടതില്ല.

ആ ചെലവ് നിയമലംഘനം നടത്തിയ വ്യക്തിയിൽ നിന്ന് ഈടാക്കുന്നതാണ് Polluter Pays Principle.

ഖര മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ഒട്ടേറെ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും അവ പാലിക്കപ്പെടുന്നില്ലെങ്കിൽ ഖരമാലിന്യ പരിപാലന പ്രവർത്തനങ്ങൾ വിജയകരമാകില്ല. അതിനാൽ നിയമലംഘനങ്ങൾ കണ്ടെത്തുകയും ആവശ്യമായ പിഴയും നിയമനടപടികളും സ്വീകരിക്കുകയും ചെയ്യേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്വമാണ്.

**എൻഫോഴ്സ്മെന്റിന്റെ പ്രധാന ലക്ഷ്യങ്ങൾ**

- നിയമലംഘനങ്ങൾ തടയുക.
- പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കുക.
- ഉറവിടത്തിൽ മാലിന്യ വേർതിരിക്കൽ ഉറപ്പാക്കുക.
- ഉപയോക്തൃ ഫീസ് (User Fee) അടയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- അനധികൃത മാലിന്യ സംസ്കരണവും പൊതു സ്ഥലത്തു മാലിന്യം തള്ളുന്നതും തടയുക.

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 45

- വലിയ മാലിന്യ ഉൽപ്പാദകർ (Bulk Waste Generators) നിയമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുക.
- പൊതുജനാരോഗ്യവും പരിസ്ഥിതിയും സംരക്ഷിക്കുക.
- മാലിന്യ പരിപാലനത്തിൽ സാമൂഹിക ഉത്തരവാദിത്വം വളർത്തുക.

**എൻഫോഴ്സ്മെന്റിന്റെ ലക്ഷ്യം ശിക്ഷ നൽകുക മാത്രമല്ല; നിയമപാലനം ഉറപ്പാക്കുകയും ഉത്തരവാദിത്തമുള്ള പെരുമാറ്റം വളർത്തുകയും ചെയ്യുക എന്നതു കൂടിയാണ്.**

**ഫലപ്രദമായ എൻഫോഴ്സ്മെന്റ് മൂന്ന് ഘടകങ്ങളുടെ സന്തുലിതമായ പ്രയോഗമാണ്:**

1. **ബോധവൽക്കരണം (Awareness) – നിയമങ്ങളും ഉത്തരവാദിത്വങ്ങളും ജനങ്ങളിലേക്ക് എത്തിക്കുക.**
2. **സൗകര്യങ്ങൾ (Service Delivery) – മാലിന്യ ശേഖരണവും സംസ്കരണ സംവിധാനങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുക.**
3. **നിയമനടപടി (Enforcement) – നിയമലംഘനം തുടരുമ്പോൾ പിഴയും മറ്റ് നടപടികളും സ്വീകരിക്കുക.**

**പൊതുവായി നടക്കാറുള്ള നിയമലംഘനങ്ങൾ താഴെ പറയുന്നു. അവ ചോദ്യോത്തരമായോ ഗ്രൂപ്പ് ചർച്ചയായോ അവതരിപ്പിക്കാവുന്നതാണ്.**

- തുറസായ സ്ഥലങ്ങളിൽ/റോഡരികിൽ മാലിന്യം തള്ളുന്നത്
- പൊതുസ്ഥലങ്ങളിലും സ്വകാര്യ പരിസരങ്ങളിലും മാലിന്യം വലിച്ചെറിയൽ, നിക്ഷേപിക്കൽ
- കനാലുകളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത്
- മാലിന്യം കത്തിക്കുന്നത്
- പൊതുസ്ഥലങ്ങളിൽ മാലിന്യം കുഴിച്ചിടുന്നത്
- യൂസർ ഫീ നൽകാതിരിക്കുന്നത്
- ഉറവിടത്തിൽ മാലിന്യങ്ങൾ തരംതിരിക്കാതിരിക്കൽ
- അനധികൃത ഏജൻസികൾക്ക് മാലിന്യം കൈമാറൽ
- ഉപയോഗിച്ച മലിനജലം പൊതുസ്ഥലങ്ങളിലേക്ക് ഒഴുക്കിവിടൽ
- BWGs ഉറവിട മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കാതിരിക്കൽ (സ്ഥല ലഭ്യത ഇല്ലാത്തവർ അംഗീകൃത ഏജൻസികളുമായി ധാരണയിൽ എത്തി മാലിന്യം കൈമാറാതെയിരിക്കൽ)
- കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാതിരിക്കൽ
- അനധികൃതമായി മാലിന്യം കടത്തുന്നത്

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 46

ഇത്തരം നിയമലംഘനങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം സ്പോട്ട് ഫൈൻ, സെക്രട്ടറി ചുമത്തുന്ന പിഴ, അല്ലെങ്കിൽ പ്രോസിക്യൂഷൻ വരെ സ്വീകരിക്കാം.

പരിശീലകൻ താഴെ തന്നിട്ടുള്ള ചോദ്യങ്ങൾ ചർച്ചയ്ക്കായി ചോദിക്കാം:

- നിങ്ങളുടെ വാർഡിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള നിയമലംഘനങ്ങൾ എന്തൊക്കെയാണ്?
- മാലിന്യം പൊതുസ്ഥലത്ത് തള്ളുന്നവർക്കെതിരെ എന്ത് നടപടി വേണമെന്ന് നിങ്ങൾ കരുതുന്നു?
- യൂസർഫീ കൃത്യമായി നൽകാത്തവർക്ക് എതിരെ എന്ത് നടപടി സ്വീകരിക്കാം?
- മാലിന്യം കത്തിക്കുന്നത് കണ്ടാൽ എന്ത് ചെയ്യണം?

ചർച്ചയ്ക്ക് ശേഷം അടുത്ത ഭാഗമായ കേരള മുനിസിപ്പാലിറ്റി ആക്ട്, 1994 – ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ വിശദീകരിക്കുക.

നിയമം പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് ഖരമാലിന്യവുമായി ബന്ധപ്പെട്ട പല നിയമനടപടികളും സ്വീകരിക്കുന്ന പ്രധാന അധികാരി. സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കും നിർദ്ദിഷ്ട സാഹചര്യങ്ങളിൽ നടപടി സ്വീകരിക്കാം.

കേരള മുനിസിപ്പാലിറ്റി ആക്ടിലെ പ്രധാന വകുപ്പുകൾ

ഖരമാലിന്യ പരിപാലനവുമായി നേരിട്ട് ബന്ധപ്പെട്ട പ്രധാന വകുപ്പുകൾ:

| വകുപ്പ് | വിഷയം |
|---|---|
| 326C | വേർതിരിച്ച മാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറുന്നതിനുള്ള ഉത്തരവാദിത്വം |
| 326D | യൂസർ ഫീ നൽകുന്നതിൽ വീഴ്ച വരുത്തുന്നത് |
| 334A | വൻകിട മാലിന്യ ഉത്പാദകർ – Bulk Waste Generators (BWG) |
| 335 | കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം |
| 337 | മലിനജലം പൊതുസ്ഥലങ്ങളിലേക്ക് ഒഴുക്കൽ |
| 338 | മൃഗത്തിന്റെ തോൽ , മൃഗത്തിന്റെ ശവം എന്നിവ തെറ്റായ രീതിയില് കൈയ്യൊഴിയുന്നത് |
| 340 | പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നതിനുള്ള നിരോധനം |

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 47

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

| വകുപ്പ് | വിഷയം |
|---|---|
| 340A | ജലാശയങ്ങളിൽ മാലിന്യം തള്ളൽ |
| 340B | അനധികൃതമായി മാലിന്യം കടത്തുന്നതിനുള്ള നിരോധനം |

1. വകുപ്പ് 326C – വേർതിരിച്ച മാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറുന്നതിനുള്ള ഉത്തരവാദിത്വം
   a. ഓരോ വീടും സ്ഥാപനവും ഹോട്ടലും ആശുപത്രിയും വ്യാപാര സ്ഥാപനവും വേർതിരിച്ച മാലിന്യം തദ്ദേശസ്ഥാപനത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറേണ്ടത് നിർബന്ധമാണ്.
   b. ശിക്ഷ: ₹1,000 മുതൽ ₹10,000 വരെ പിഴ
2. വകുപ്പ് 326D – യൂസർ ഫീ നൽകുന്നതിൽ വീഴ്ച്ച വരുത്തുന്നത്
   a. എല്ലാ മാസത്തെയും അവസാന തീയതിക്ക് മുൻപായോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനിച്ച കാലയളവിനുള്ളിലോ യൂസർ ഫീ നൽകാതിരിക്കുന്നത് ശിക്ഷാർഹമാണ്
   b. ശിക്ഷ: യൂസർ ഫീ + പ്രതിമാസം യൂസർ ഫീയുടെ അൻപത് ശതമാനം
3. വകുപ്പ് 334A – മാലിന്യം ഉറവിടത്തിൽ കൈകാര്യം ചെയ്യല് (വന്കിട മാലിന്യ ഉത്പാദകര് – BWG)
   a. വലിയ അളവിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്വന്തം സ്ഥലത്ത് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കണം.
   b. ശിക്ഷ: 6 മാസം മുതൽ പരമാവധി 1 വർഷം വരെ തടവ്, 10,000 മുതൽ 50,000 വരെ പിഴയും, പിഴ ചുമത്തുന്നത് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ്
4. വകുപ്പ് 335 – കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം
   a. എല്ലാ കടകളും വ്യാപാര സ്ഥാപനങ്ങളും അവരുടെ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. അതിന്റെ പരിസരത്ത് ഏതെങ്കിലും മാലിന്യം വലിച്ചെറിയാനോ തള്ളാനോ കത്തിക്കാനോ അനുവദിക്കാതിരിക്കേണ്ടത് ഉടമയുടെയോ കൈവശക്കാരന്റെയോ ഉത്തരവാദിത്വമാണ്.
   b. ശിക്ഷ: ₹5,000 വരെ സ്പോട്ട് ഫൈൻ, പ്രോസിക്യൂഷൻ
   c. ഉദാഹരണം: ഒരു മത്സ്യക്കട എല്ലാ ദിവസവും മത്സ്യാവശിഷ്ടങ്ങൾ റോഡരികിൽ ഉപേക്ഷിക്കുന്നു.
5. വകുപ്പ് 337 – മലിനജലം പൊതുസ്ഥലങ്ങളിലേക്ക് ഒഴുക്കൽ

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 48

a. വീട്ടുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മലിനജലം പൊതു അഴുക്കുചാലിലോ പൊതു സ്ഥലത്തിലോ മറ്റ് ജലസ്രോതസ്സുകളിലോ ഒഴുക്കുകയോ ഒഴുക്കാന് അനുവദിക്കുകയോ ഒഴുക്കുന്നതിനു കാരണം ആവുകയോ ചെയ്യുന്നത് ശിക്ഷാര്ഹമാണ്
b. ശിക്ഷ: ₹5,000 മുതൽ ₹50,000 വരെ പിഴ

6. വകുപ്പ് 338 – മൃഗത്തിന്റെ തോൽ , മൃഗത്തിന്റെ ശവം എന്നിവ തെറ്റായ രീതിയില് കൈയ്യൊഴിയുന്നത്
   a. മൃഗശവമോ തോലോ നിശ്ചയിച്ച സ്ഥലമല്ലാതെ മറ്റെവിടെയെങ്കിലും നിക്ഷേപിക്കുന്നത് നിയമലംഘനമാണ്.
   b. ശിക്ഷ: ₹5,000 വരെ പിഴ, പിഴ ചുമത്തേണ്ടത് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്റ്റ്രേറ്റ്
7. വകുപ്പ് 340 – പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നതിനുള്ള നിരോധനം
   a. നിയമത്തിന്റെ ഉദ്ദേശ്യം: പൊതുസ്ഥലങ്ങൾ, റോഡുകൾ, ഓടകൾ, പാർക്കുകൾ, സ്വകാര്യ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അനധികൃതമായി മാലിന്യം തള്ളുന്നത് തടയുക. നിയമപ്രകാരം, മാലിന്യം നിക്ഷേപിക്കുന്നതിനായി നിശ്ചയിച്ച സ്ഥലങ്ങളിലല്ലാതെ മറ്റെവിടെയും മാലിന്യം വലിച്ചെറിയുകയോ, തള്ളുകയോ, കത്തിക്കുകയോ, കുഴിച്ചുമൂടുകയോ ചെയ്യാൻ പാടില്ല.
   b. ശിക്ഷ: **സ്പോട്ട് ഫൈൻ** – ₹5,000 വരെ, പിഴ അടയ്ക്കാത്ത പക്ഷം പ്രോസിക്യൂഷൻ നടപടികൾ
   c. ഉദാഹരണം : ഒരു വ്യക്തി വീട്ടിലെ മാലിന്യം രാത്രിയിൽ റോഡരികിൽ തള്ളുന്നു.

i. നടപടി: പരിശോധന, തെളിവ് ശേഖരണം, സ്പോട്ട് ഫൈൻ, ആവശ്യമെങ്കിൽ പ്രോസിക്യൂഷൻ

ii. ജനപ്രതിനിധിയുടെ പങ്ക്: പരാതികൾ സ്വീകരിക്കുക, സെക്രട്ടറിയെ വിവരം അറിയിക്കുക, ബോധവൽക്കരണം നടത്തുക

8. വകുപ്പ് 340A – ജലാശയങ്ങളിൽ മാലിന്യം തള്ളൽ
   a. പൊതു ജലമാർഗ്ഗങ്ങളിലേക്കോ ജലസ്രോതസ്സുകളിലേക്കോ മാലിന്യം തള്ളുന്നത് ഗുരുതര കുറ്റമാണ്.
   b. ഉദാഹരണം: കായലിൽ പ്ലാസ്റ്റിക് മാലിന്യം തള്ളൽ, തോട്ടിലേക്ക് ഹോട്ടൽ മാലിന്യം ഒഴുക്കൽ
   c. ശിക്ഷ: ₹10,000 മുതൽ ₹50,000 വരെ പിഴ, 6 മാസം മുതൽ 1 വർഷം വരെ തടവ്
9. വകുപ്പ് 340B – അനധികൃതമായി മാലിന്യം കടത്തുന്നതിനുള്ള നിരോധനം

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 49

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

a. മാലിന്യം അനധികൃതമായി പൊതുനിരത്തിലൂടെ കൊണ്ടുപോകുന്ന വാഹനങ്ങൾ പിടിച്ചെടുക്കാൻ സെക്രട്ടറിക്കോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്കോ, അല്ലെങ്കിൽ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥനോ അധികാരമുണ്ട്. തുടർന്ന് വാഹനം സബ്-ഡിവിഷണൽ മജിസ്‌ട്രേറ്റിന് മുമ്പാകെ ഹാജരാക്കണം.

b. നടപടിക്രമം – വാഹനം തടയുക, മഹസർ തയ്യാറാക്കുക, ഫോട്ടോ/വീഡിയോ ശേഖരിക്കുക, സബ് ഡിവിഷണൽ മജിസ്‌ട്രേറ്റ്ന് മുമ്പാകെ ഹാജരാക്കുക, കുറ്റം തെളിഞ്ഞാൽ വാഹനം കണ്ടുകെട്ടാം.

**നിയമപ്രകാരം പിഴ ചുമത്തുന്നതും പ്രോസിക്യൂഷൻ ആരംഭിക്കുന്നതും സെക്രട്ടറിയുടെയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെയോ അധികാരമാണ്. ജനപ്രതിനിധിയുടെ പങ്ക് നേതൃത്വം, മേൽനോട്ടം, പൊതുജന പങ്കാളിത്തം എന്നിവ ശക്തിപ്പെടുത്തുന്നതിലാണ്.**

> **"ജനങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രാഥമിക പ്രതിനിധികൾ എന്ന നിലയിൽ കൗൺസിലർമാർ, മേയർമാർ, ചെയർപേഴ്സൺമാർ, (ഗ്രാമപഞ്ചായത്ത്-മുനിസിപ്പാലിറ്റി-കോർപ്പറേഷൻ വാർഡ് അംഗങ്ങൾ എന്നിവരെ മാലിന്യം ഉത്ഭവ സ്ഥാനത്ത് വെച്ചുതന്നെ തരംതിരിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ മുഖ്യ നടത്തിപ്പുകാരായി ഇതിനാൽ ചുമതലപ്പെടുത്തുന്നു.**
> **ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ 2026 (SWM Rules 2026) നടപ്പാക്കുന്നതിൽ തങ്ങളുടെ വാർഡിലെ ഓരോ പൗരനെയും പങ്കാളികളാക്കുക എന്നത് ഇവരുടെ നിയമപരമായ കടമയാണ്. "**
> **– സുപ്രീം കോടതി**

നിയമത്തിലെ വിവിധ വകുപ്പുകളും അതിനുള്ള ശിക്ഷയും വിവരിച്ച ശേഷം എൻഫോഴ്സ്മെന്റ് നടപടിക്രമങ്ങൾ വിശദീകരിക്കുക.

**എൻഫോഴ്സ്മെന്റ് നടപടിക്രമങ്ങൾ (Enforcement Procedures)**

നിയമങ്ങൾ നിലവിലുണ്ടെന്നത് മാത്രം പോരാ; അവ ഫലപ്രദമായി നടപ്പിലാക്കുകയും നിയമലംഘനങ്ങൾക്കെതിരെ സമയബന്ധിതമായി നടപടി സ്വീകരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

എൻഫോഴ്സ്മെന്റിൽ ഉൾപ്പെടുന്നത്:

- പരാതി സ്വീകരിക്കൽ

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 50

- പരിശോധന
- തെളിവ് ശേഖരണം
- മഹസർ തയ്യാറാക്കൽ
- നോട്ടീസ് നൽകൽ
- പിഴ ചുമത്തൽ
- പ്രോസിക്യൂഷൻ
- കോടതി നടപടികൾ
- പിഴ ഈടാക്കൽ
- തുടർ നിരീക്ഷണം

ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പല നിയമലംഘനങ്ങളും മുനിസിപ്പൽ നിയമങ്ങൾ പ്രകാരം പരിഹരിക്കാനാകുമെങ്കിലും, ചില സാഹചര്യങ്ങളിൽ ഭാരതീയ ന്യായ സംഹിത (Bharatiya Nyaya Sanhita – BNS) പ്രകാരമുള്ള ക്രിമിനൽ നടപടികളും ആവശ്യമായി വരാം.

അതുപോലെ തന്നെ, ഓരോ നഗരസഭയും കോർപ്പറേഷനും അവരുടെ പ്രദേശത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മുനിസിപ്പൽ ബൈലോകൾ (Municipal Bye-laws) രൂപീകരിച്ച് നടപ്പിലാക്കുന്നു. ഈ ബൈലോകൾ ഖരമാലിന്യ പരിപാലന ചട്ടങ്ങളും കേരള മുനിസിപ്പാലിറ്റി ആക്ടും പ്രാദേശിക തലത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ സഹായിക്കുന്നു.

തുടർന്ന് പോലീസ് ഇടപെടൽ ആവശ്യമുള്ള സാഹചര്യങ്ങളും വിശദീകരിക്കാവുന്നതാണ്. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ പോലീസിന്റെ സഹായം ആവശ്യമായി വരാം:

- അനധികൃതമായി മാലിന്യം കടത്തുന്ന വാഹനങ്ങൾ കണ്ടെത്തുമ്പോൾ
- ഉദ്യോഗസ്ഥരുടെ പരിശോധന തടസ്സപ്പെടുത്തുമ്പോൾ
- നിയമാനുസൃത ഉത്തരവുകൾ അനുസരിക്കാൻ വിസമ്മതിക്കുമ്പോൾ
- പൊതുജനങ്ങൾക്ക് ഭീഷണി സൃഷ്ടിക്കുന്ന രീതിയിൽ മാലിന്യം നിക്ഷേപിക്കുമ്പോൾ
- കോടതിയുടെ ഉത്തരവുകൾ ലംഘിക്കുമ്പോൾ
  കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരവും സെക്രട്ടറിയും പോലീസും തമ്മിലുള്ള ഏകോപനം പ്രധാനമാണ്.

**ചട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ**

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് സർക്കാരും കോടതികളും സസൂക്ഷ്മം നിരീക്ഷിക്കുകയാണ്. ആയതിനാൽ നിയമം ലംഘിക്കുന്ന മാലിന്യ ഉൽപ്പാദകർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമെതിരെ കർശന നടപടി ഉണ്ടാകുമെന്ന് പരിശീലകൻ പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 51

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

- മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കാതിരിക്കുന്നത് ഗുരുതര പിഴവായി കണക്കാക്കും. നിയമലംഘനം നടത്തുന്ന മാലിന്യ ഉൽപ്പാദകർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമെതിരെ ഉടനടി പിഴ ചുമത്തുന്നതാണ്.
- ഡിസ്ട്രിക്റ്റ് കളക്ടർ SWM ചട്ടങ്ങൾ (2026) നടപ്പിലാക്കുന്നത് മേൽനോട്ടം വഹിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

- പ്രത്യേക സെൽ & റിപ്പോർട്ടിംഗ്: കളക്ടർമാർ വെർച്വൽ പരിശോധനയ്ക്ക് പ്രത്യേക സെൽ രൂപീകരിക്കുകയും, ചട്ടങ്ങൾ നടപ്പാക്കി രണ്ടാഴ്ചയിലൊരിക്കൽ റിപ്പോർട്ട് നൽകുകയും വേണം
  - സുപ്രീം കോടതി എംപവേർഡ് കമ്മിറ്റി (SCMC): ഇന്ത്യയൊട്ടാകെ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും സുപ്രീം കോടതി ഒരു സമിതിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

സെഷന്റെ അവസാനത്തിൽ താഴെ തന്നിട്ടുള്ളവ കൂടി ചുരുക്കി പറയുക.

**ഒറ്റ തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക്**

സംസ്ഥാനത്തു 01.01.2020 മുതൽ ഒറ്റ തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ ഉൽപ്പാദനം, സംഭരണം, കടത്തൽ, വിൽപ്പന എന്നിവ സർക്കാർ ഉത്തരവുപ്രകാരം (G.O. (MS) 06/2019/Envt dated 27.11.2019, modified on G.O. (MS) 07/2019/Envt dated 19.12.2019, G.O(Rt) No.04/2020/ENVT dated 16.02.2020)നിരോധിച്ചിട്ടുള്ളതാണ്.

**ഗ്രീൻ പ്രോട്ടോകോൾ**

വീട്ടുകളും സ്ഥാപനങ്ങളും പൊതു സ്ഥലങ്ങളും ജലാശയങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് ചടങ്ങുകളിലും ആഘോഷങ്ങളിലും പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോകോളിലും നിർമ്മിതമായ എല്ലാ വസ്തുക്കളും പൂർണമായും ഒഴിവാക്കുകയും ഇത്തരം ചടങ്ങുകളിൽ ഉണ്ടാകുന്ന ജൈവ അജൈവ മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രകൃതി സൗഹൃദ പോംവഴിയാണ് ഗ്രീൻ പ്രോട്ടോകോൾ .

**നിയമലംഘനങ്ങൾ അറിയിക്കുവാൻ സിംഗിൾ വാട്സ് ആപ്പ് നമ്പർ**

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിന് വാട്സ് ആപ്പ് നമ്പർ ക്രമീകരിച്ചിട്ടുണ്ട്.

നമ്പർ : 9446700800

നിയമലംഘനത്തിന്റെ ഫോട്ടോയോ വീഡിയോയോ സഹിതം മേൽപ്പറഞ്ഞ നമ്പറിലേയ്ക്ക് അയക്കേണ്ടതാണ്. നിയമലംഘനം സ്ഥിരീകരിച്ച് കഴിഞ്ഞാൽ പിഴ തുകയുടെ 25 ശതമാനമോ പരമാവധി ഇത്ര തുകയോ നിയമലംഘനം ശ്രദ്ധയിൽപ്പെടുത്തിയ ആളിന് ലഭിക്കുന്നതാണ്.

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 52

ഇതിനു ശേഷം നിയമപാലനത്തിൽ ജനപ്രതിനിധികളുടെ പങ്ക് ഊന്നിപറഞ്ഞുകൊണ്ട് സെഷൻ അവസാനിപ്പിക്കാവുന്നതാണ്.

**ജനപ്രതിനിധികളുടെ പങ്ക്:**

- നിയമപാലനത്തിന് പൊതുപിന്തുണ ഉറപ്പാക്കുക.
- ഉദ്യോഗസ്ഥരുടെ നിയമാനുസൃത പ്രവർത്തനങ്ങൾക്ക് സഹകരിക്കുക.
- നിയമലംഘകരെ സംരക്ഷിക്കാതിരിക്കുക.
- നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാണെന്ന സന്ദേശം നൽകുക.
- നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുക.
- വാർഡ് തല നിരീക്ഷണം ശക്തമാക്കുക.
- ജനങ്ങളെ നിയമങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക.
- പിഴ ചുമത്തൽ പോലുള്ള അധികാരങ്ങൾ സെക്രട്ടറിയുടേതാണെന്ന് പൊതുജനങ്ങളെ ബോധ്യപ്പെടുത്തുക.

## 5. സെഷൻ 4 : ഖരമാലിന്യ പരിപാലന ചട്ടം – നിരീക്ഷണവും ബോധവൽക്കരണവും

**ലക്ഷ്യങ്ങൾ**

- ഖര മാലിന്യ പരിപാലന ചട്ടവുമായി ബന്ധപ്പെട്ട കർമ്മ പദ്ധതി തയാറാക്കുന്നത് സംബന്ധിച്ച് ജനപ്രതിനിധികൾക്ക് അവബോധം സൃഷ്ടിക്കുകയും അതിനായി അവരെ പ്രാപ്തരാക്കുകയും ചെയ്യുക.
- വിവര വിജ്ഞാന വ്യാപന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് ജനപ്രതിനിധികളെ പ്രാപ്തരാക്കുക

**സമയം: 60 മിനിട്ട്**

**ഉള്ളടക്കവും പഠനരീതിയും:**

ഖരമാലിന്യ പരിപാലന ചട്ടം ഫലപ്രദമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കണമെങ്കിൽ തുടർച്ചയായ നിരീക്ഷണം അനിവാര്യമാണ്. കൂടാതെ നിലവിലുള്ള ശീലങ്ങൾ മാറ്റുന്നതിനും പുതിയ ശീലങ്ങൾ അനുവർത്തിക്കുന്നതിനും ജനകീയ ബോധവൽക്കരണ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്. നിരീക്ഷണത്തിലും ബോധവൽക്കരണ പ്രവർത്തനങ്ങളിലും ജനപ്രതിനിധികൾക്ക് നിർണ്ണായകമായ പങ്കുണ്ട്. ഇത് എന്താണ് എന്ന് പരിശീലനാർത്ഥികൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ് ഈ സെഷന്റെ ലക്ഷ്യം. സെഷന്റെ ആമുഖമായി താഴെ പറയുന്ന കാര്യങ്ങൾ അവതരിപ്പിക്കുക.

ഖരമാലിന്യ പരിപാലന ചട്ടം സെഷൻ 39(2) പ്രകാരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന മാതൃകയിൽ സംസ്ഥാന നയത്തിനനുസൃതമായി

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 53

നഗരസഭകൾ സംസ്ഥാന നയം രൂപീകരിച്ച് ഒരു വർഷത്തിനകം കർമ്മ പദ്ധതി തയ്യാറാക്കണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടി വരും എന്ന് സൂചിപ്പിക്കുക.

1. വാർഡ് അടിസ്ഥാനത്തിൽ നിലവിൽ ഉൽപ്പാദിപ്പിക്കുന്ന ഖരമാലിന്യത്തിന്റെ അളവ് കണക്കാക്കുക
2. അടുത്ത അഞ്ച് വർഷത്തെ ജനസംഖ്യാ വർദ്ധനവ് കണക്കിലെടുത്തു ഖരമാലിന്യ ഉൽപ്പാദനത്തിന്റെ അളവ് തയ്യാറാക്കുക.
3. പ്രത്യേക ശ്രദ്ധ വേണ്ട മാലിന്യങ്ങൾ ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള മാലിന്യ ശേഖരണത്തിനും ഗതാഗതത്തിനുമുള്ള പദ്ധതി തയ്യാറാക്കുക.
4. വാർഡ് അടിസ്ഥാനത്തിൽ ഖരമാലിന്യ പരിപാലന അടിസ്ഥാനസൗകര്യങ്ങളുടെ മാപ്പിംഗ് നടത്തുക.
5. മാർക്കറ്റുകൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ പൊതുസേവന അടിസ്ഥാനസൗകര്യങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിംഗ് നടത്തുക.
6. ബയോമെഡിക്കൽ മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ആശുപത്രികൾ, ക്ലിനിക്കുകൾ എന്നിവയുടെ ലിസ്റ്റ് തയ്യാറാക്കുകയും അവയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ബയോമെഡിക്കൽ മാലിന്യത്തിന്റെ അളവ് ഉൾപ്പെടുത്തി മാപ്പിംഗ് നടത്തുകയും ചെയ്യുക.
7. Garbage Vulnerable Points (GVPs)-കളും Hotspots-കളും മാപ്പ് ചെയ്യുകയും അവിടെ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ഗതാഗതം നടത്തുന്നതിനുമുള്ള പദ്ധതി തയ്യാറാക്കുക. GVP കൾ പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
8. ജലാശയങ്ങളിലേക്ക് ഖരമാലിന്യം പ്രവേശിക്കുന്ന സ്ഥലങ്ങളുടെ മാപ്പിംഗ് നടത്തി, അനുയോജ്യമായ Barriers സ്ഥാപിച്ച് ഖരമാലിന്യം ജലാശയങ്ങളിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.
9. ജലാശയങ്ങളുടെയും ഓടകളുടെയും ഉപരിതലത്തിൽ ഒഴുകിനടക്കുന്ന ഖരമാലിന്യം നീക്കം ചെയ്യുന്നതിനുള്ള ശുചീകരണ സമയക്രമം (Cleaning Schedule) തയ്യാറാക്കുക.
10. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം തെരുവ് ശുചീകരണത്തിനും (Street Sweeping) മാലിന്യ ബിന്നുകൾ സ്ഥാപിക്കുന്നതിനുമുള്ള സമയക്രമം തയ്യാറാക്കുക.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 54

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

11. ഓടകൾ സ്ളാബിട്ട് മൂടുകയും അവയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നില്ല എന്ന് ഉറപ്പാക്കുകയും ചെയ്യുക.
12. ഓടകൾ കൃത്യമായി വൃത്തിയാക്കുന്നതിനുള്ള ഷെഡ്യൂൾ തയ്യാറാക്കി നടപ്പിലാക്കുക
13. ഖരമാലിന്യം തുറസായ സ്ഥലങ്ങളിൽ അനധികൃതമായി നിക്ഷേപിക്കാൻ സാധ്യതയുള്ള സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും, റെയിൽവേ ഉൾപ്പെടെയുള്ള മറ്റ് പൊതുസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതുമായ ഒഴിഞ്ഞ സ്ഥലങ്ങളുടെ മാപ്പിംഗ് നടത്തുക.
14. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (CPCB) നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച്, സാനിറ്ററി പാഡുകൾ, ഡയപ്പറുകൾ എന്നിവ ഉൾപ്പെടെയുള്ള സാനിറ്ററി മാലിന്യങ്ങൾ പരിസ്ഥിതി സൗഹൃദമായി സംസ്കരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുക (പ്രത്യേക ഇൻസിനറേറ്ററുകൾ, പൊതുവായ ബയോമെഡിക്കൽ മാലിന്യ സംസ്‌കരണ കേന്ദ്രങ്ങൾ).
15. പ്രത്യേക ശ്രദ്ധ വേണ്ട മാലിന്യങ്ങൾ ശേഖരിക്കുന്നതിനും പരിസ്ഥിതി സൗഹൃദമായി കൈകാര്യം ചെയ്യുന്നതിനുമുള്ള പദ്ധതി തയ്യാറാക്കുക.
16. ഖരമാലിന്യ പരിപാലനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളുടെ ആവശ്യകത നിർണ്ണയിക്കുക. ഇതിൽ ശേഖരണം, ഗതാഗതം, തരംതിരിക്കൽ, സംഭരണം, പ്രത്യേക ശ്രദ്ധവേണ്ട മാലിന്യങ്ങൾ, സാനിറ്ററി മാലിന്യം എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ, മാലിന്യ സംസ്കരണം, പുനരുപയോഗം (including both wet and dry waste), കൂടാതെ നിഷ്ക്രിയ വസ്തുക്കളുടെ (Inerts) പരിസ്ഥിതി സൗഹൃദ അന്തിമ നിക്ഷേപം (Sanitary Landfill) എന്നിവ ഉൾപ്പെടണം.

തുടർന്ന് സെഷന്റെ അടുത്ത ഭാഗമായ IEC പ്രവർത്തനങ്ങൾ വിവരിക്കുക.

**IEC പ്രവർത്തനങ്ങൾ**

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 ലെ Section 39(2) പ്രകാരം നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബോധവൽക്കരണ (IEC) /പ്രവർത്തനങ്ങൾ തുടർച്ചയായി സംഘടിപ്പിക്കേണ്ടതാണ്. ജനങ്ങളിൽ ശുചിത്വബോധം സൃഷ്ടിക്കുന്നതിനോടൊപ്പം, ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വപരമായ പെരുമാറ്റം വളർത്തിയെടുക്കുക എന്നത് കൂടിയാണ് IEC പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

തുടർന്ന് താഴെ പറയുന്ന ചോദ്യം ചർച്ച ചെയ്യുക.

എന്തുകൊണ്ടാണ് ജനപ്രതിനിധികളുടെ പങ്ക് നിർണായകമാകുന്നത്?

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 55

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

ഒരു നഗരസഭയിൽ ഏത് വിഷയവുമായി ബന്ധപ്പെട്ടും ജനങ്ങൾ ഏറ്റവും കൂടുതൽ സമീപിക്കുന്ന വ്യക്തി വാർഡ് കൗൺസിലറാണ്. ഒരു വാർഡിലെ പ്രശ്നങ്ങൾ, ജനങ്ങളുടെ ആശങ്കകൾ, പ്രാദേശിക സാഹചര്യങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവയെക്കുറിച്ച് ഏറ്റവും കൂടുതൽ അറിവുള്ളത് ജനപ്രതിനിധിക്കാണ്. അതുകൊണ്ട് തന്നെ, ജനങ്ങളിൽ ശരിയായ ശീലം സൃഷ്ടിക്കുന്നതിനുള്ള എല്ലാ IEC പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ ഏറ്റവും അനുയോജ്യരായവർ ജനപ്രതിനിധികളാണ്.

ഒരു വാർഡിൽ മാലിന്യപ്രശ്നങ്ങൾ കുറയണമെങ്കിൽ താഴെ പറയുന്ന മൂന്ന് ഘടകങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണം.

- കാര്യക്ഷമമായ സേവന സംവിധാനം
- ജനങ്ങളുടെ സഹകരണം
- ശക്തമായ ജനപ്രതിനിധി നേതൃത്വം

ഈ മൂന്നിൽ ഏതെങ്കിലും ഒന്ന് ഇല്ലെങ്കിൽ ഖരമാലിന്യ പരിപാലനം സുസ്ഥിരമാകില്ല. ജനങ്ങൾ പലപ്പോഴും ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തേക്കാൾ ജനപ്രതിനിധിയുടെ വാക്കുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. അതുകൊണ്ട് തന്നെ IEC സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ കൗൺസിലറുടെ ഇടപെടൽ വളരെ ഫലപ്രദമാണ്.

IEC പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ

- മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, പുനഃരുപയോഗവും പുനഃചക്രമണവും പ്രോത്സാഹിപ്പിക്കുക എന്ന 3R തത്വം (Reduce, Reuse, Recycle) പ്രയോഗത്തിൽ വരുത്തുക
- മാലിന്യം വലിച്ചെറിയുന്ന പ്രവണത കുറയ്ക്കുക.
- ഉറവിടതല മാലിന്യ വേർതിരിക്കൽ ഉറപ്പാക്കുക.
- ജൈവമാലിന്യത്തിന്റെ പ്രാദേശിക സംസ്കരണം പ്രോത്സാഹിപ്പിക്കുക.
- Single Use Plastic ഉപയോഗം കുറയ്ക്കുക/ഇല്ലാതെയാക്കുക.
- User Fee നൽകുന്നതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുക.
- ഖരമാലിന്യ പരിപാലനത്തിൽ സമൂഹത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.

വാർഷിക IEC കലണ്ടർ തയ്യാറാക്കൽ

ഖരമാലിന്യ പരിപാലന ചട്ടം 2026 പ്രകാരം ഓരോ വാർഡിനും IEC പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതുണ്ട്. അതിനായി വാർഷിക കലണ്ടറിൽ ഉൾപ്പെടുത്താവുന്ന പ്രവർത്തനങ്ങൾ:

1. പ്രത്യേക ദിനങ്ങൾ ആചരിക്കുന്നതിനോടൊപ്പം മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്താവുന്നതാണ്. ഉദാഹരണമായി ലോക പരിസ്ഥിതി

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.
Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 56

ദിനത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ മാലിന്യത്തെ എങ്ങനെ കൃത്യമായി വേർതിരിച്ച ശേഖരിക്കാം എന്ന് വിദ്യാർത്ഥികൾക്ക് ഡെമോൺസ്ട്രേഷൻ വഴി കാണിച്ച കൊടുക്കാവുന്നതാണ്.

2. വിവിധ ആശയവിനിമയ മാർഗങ്ങൾ : വ്യത്യസ്ത വിഭാഗങ്ങളിലെ ജനങ്ങളിലേക്ക് സന്ദേശം എത്തിക്കാനായി താഴെ പറയുന്ന ആശയവിനിമയ മാർഗങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- ഭവന സന്ദർശനം
- വാർഡ് യോഗങ്ങൾ
- പോസ്റ്ററുകൾ
- ലഘുലേഖകൾ
- ഡിജിറ്റൽ ഡിസ്പ്ലേ
- WhatsApp ഗ്രൂപ്പുകൾ
- Facebook
- Community Radio
- LED Display
- പ്രാദേശിക കേബിൾ ചാനലുകൾ

ഓരോ വാർഡിന്റെയും സാമൂഹിക സാഹചര്യത്തിന് അനുയോജ്യമായ മാധ്യമങ്ങൾ തിരഞ്ഞെടുക്കണം.

3. സോഷ്യൽ മൊബിലൈസേഷൻ : ഓരോ വാർഡിലെയും നിലവിലുള്ള സംഘടനകളെയും സംവിധാനങ്ങളെയും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട ഖരമാലിന്യ പരിപാലനത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച അവബോധം സൃഷ്ടിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി

a. യുവജനങ്ങളെയും കുട്ടികളെയും കേന്ദ്രീകരിച്ചുള്ള പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക
b. സ്കൂൾ, കോളേജ്, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, യൂത്ത് ക്ലബ്ബുകൾ, വോളന്റിയർ ഗ്രൂപ്പുകൾ, റെസിഡന്റ്സ് അസോസിയേഷൻ, വ്യാപാരി സംഘടനകൾ ,കല – കായിക – രാഷ്ട്രീയ – സാമൂഹിക – സാമുദായിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പരിപാടികൾ സംഘടിപ്പിക്കുക.
c. ഗ്രീൻ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി., സ്കൗട്ട് & ഗൈഡ്സ് എന്നിവയെ പങ്കെടുപ്പിക്കുക.
d. ശുചിത്വ റാലി, സൈക്കിൾ റാലി, ചുമർ ചിത്രങ്ങൾ, പ്ലോഗ് റൺ, ശുചിത്വ പ്രതിജ്ഞ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.
e. ചിത്രരചന, പ്രസംഗം, ക്വിസ്, ഷോർട്ട് ഫിലിം, നവീന ആശയ മത്സരങ്ങൾ നടത്തുക.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 57

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

f. യുവജന സന്നദ്ധ പ്രവർത്തകരെ "ശുചിത്വ അംബാസഡർമാർ" ആയി നിയോഗിക്കുക.

4. വകുപ്പുകളുടെ ഏകോപനം: ഖരമാലിന്യ പരിപാലനം വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നടപ്പാക്കേണ്ട കൂട്ടായ പ്രവർത്തനമാണ്. ഇതിനായി ജനപ്രതിനിധികൾ താഴെ പറയുന്ന വകുപ്പുകളെ ഏകോപിപ്പിക്കണം:

a. ആരോഗ്യ വകുപ്പ്
b. വിദ്യാഭ്യാസ വകുപ്പ്
c. കൃഷി വകുപ്പ്
d. പോലീസ്
e. വനിതാ–ശിശു വികസന വകുപ്പ്
f. ടൂറിസം വകുപ്പ്
g. യുവജന ക്ഷേമ വകുപ്പ്

IEC ഒരു തുടർച്ചയായ പ്രക്രിയ ആയിരിക്കണം; ഒറ്റത്തവണ നടത്തുന്ന പരിപാടിയാകരുത്.

അടുത്ത ഭാഗമായി നിരീക്ഷണത്തിന്റെ പ്രാധാന്യം വിശദീകരിക്കേണ്ടതാണ്.

**നിരീക്ഷണവും (Monitoring) തുടർനടപടികളും**

ഖരമാലിന്യ പരിപാലനം ഫലപ്രദമായി നടപ്പാക്കണമെങ്കിൽ നിരന്തരമായ നിരീക്ഷണം ആവശ്യമാണ്. വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ ഓരോ വാർഡിലെയും ഖരമാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കുകയും പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുകയും വേണം. നിരീക്ഷണത്തിനു വിധേയമാക്കേണ്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. എത്ര വീടുകൾ മാലിന്യം വേർതിരിക്കുന്നു?
2. User Fee അടയ്ക്കുന്നവരുടെ ശതമാനം.
3. ഹരിത കർമ്മസേനയുടെ സേവന കാര്യക്ഷമത.
4. Garbage Vulnerable Points കുറഞ്ഞോ?
5. പൊതുപരാതികളുടെ എണ്ണം.
6. സ്കൂളുകളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തം.
7. വൻകിട മാലിന്യ ഉത്പാദകർ എല്ലാവരും രജിസ്റ്റർ ചെയ്തിട്ടുണ്ടോ? ശരിയായ രീതിയിൽ അവിടെ മാലിന്യ സംസ്കരണം നടക്കുന്നുണ്ടോ?
8. നിയമ ലംഘനങ്ങൾ (വലിച്ചെറിയൽ, കത്തിക്കൽ, ജലാശയങ്ങളിലേയ്ക്ക് ഒഴുക്കൽ, തുടങ്ങിയവ) നടക്കുന്നുണ്ടോ? ആയത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ?
9. മാലിന്യ നീക്കത്തിനുള്ള ഗതാഗത സംവിധാനങ്ങൾ പര്യാപ്തമായ രീതിയിൽ ഉണ്ടോ?

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 58

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

ഈ വിവരങ്ങൾ വാർഡ് തല അവലോകന യോഗങ്ങളിൽ ചർച്ച ചെയ്ത് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കണം.

നിരീക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വാർഡ് ശുചിത്വ സമിതികളെ സജീവമാക്കേണ്ടതുണ്ട്. നിർജ്ജീവമായിട്ടുള്ള വാർഡ് സമിതികൾ ഉണ്ടെങ്കിൽ അത് അടിയന്തിരമായി പുനഃസംഘടിപ്പിക്കേണ്ടതും അവയുടെ പ്രതിമാസ യോഗങ്ങൾ നടത്തേണ്ടതുമാണ്.

പരിശീലനത്തിന്റെ അവസാനമായി ഗ്രൂപ്പ് ചർച്ചയിലൂടെ ഖരമാലിന്യ പരിപാലന ചട്ടം നടപ്പിലാക്കുന്നതിനുള്ള നഗരസഭയുടെ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. അതിനായി ബാച്ചുതലത്തിലുള്ള പരിശീലനാർത്ഥികളെ എണ്ണത്തിന് ആനുപാതികമായി 5 ഗ്രൂപ്പുകളായി തിരിക്കണം. തുടർന്ന് അതാതു ഗ്രൂപ്പുകളിൽ പേപ്പർ വിതരണം ചെയ്തു താഴെ തന്നിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഴുതുവാൻ ആവശ്യപ്പെടുക. ശേഷം അതാതു ഗ്രൂപ്പുകളിൽ നിന്നുള്ള ഒരാൾ എഴുതിയിട്ടുള്ള ഉത്തരങ്ങൾ അവതരിപ്പിക്കുകയും പരിശീലകൻ അവതരണങ്ങളുടെ ചുരുക്കം രൂപം സംസാരിച്ച കൊണ്ട് സെഷൻ അവസാനിപ്പിക്കാവുന്നതാണ്.

ഗ്രൂപ്പ് പ്രവർത്തങ്ങൾക്കായുള്ള ചോദ്യങ്ങൾ:

1. പരിശീലന പരിപാടിയിൽ നിന്നും ലഭിച്ച 5 പുതിയ അറിവുകൾ രേഖപ്പെടുത്തുക
2. നിലവിലുള്ള ഖരമാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ താങ്കളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ വരുത്താൻ കഴിയുന്ന 5 ഇടപെടലുകൾ ഏതൊക്കെ?
3. വൻകിട മാലിന്യ ഉത്പാദകരെ കണ്ടെത്താനും പട്ടികപ്പെടുത്താനും സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം?
4. താങ്കളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉടനടി സ്വീക
5. രിക്കേണ്ട നിയമ നടപടികൾ എന്തൊക്കെ?
6. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ കൊണ്ടുവരാൻ കഴിയുന്ന നൂതനമായ പരിപാടികൾ എന്തൊക്കെയാണ്?

## 6. അനുബന്ധം 1 : കോർപ്പറേഷൻ/നഗരസഭാ അടിസ്ഥാനത്തിലുള്ള ജനപ്രതിനിധികളുടെ എണ്ണം

| ക്രമ നമ്പർ | ജില്ല | കോർപ്പറേഷൻ/നഗരസഭയുടെ പേര് | ജനപ്രതിനിധികളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | 101 |
| 2 | തിരുവനന്തപുരം | വർക്കല | 34 |

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 59

| ക്രമ നമ്പർ | ജില്ല | കോർപ്പറേഷൻ/നഗരസഭയുടെ പേര് | ജനപ്രതിനിധികളുടെ എണ്ണം |
|---|---|---|---|
| 3 | തിരുവനന്തപുരം | നെടുമങ്ങാട് | 42 |
| 4 | തിരുവനന്തപുരം | ആറ്റിങ്ങൽ | 32 |
| 5 | തിരുവനന്തപുരം | നെയ്യാറ്റിൻകര | 46 |
| 6 | കൊല്ലം | കൊല്ലം | 56 |
| 7 | കൊല്ലം | പറവൂർ | 32 |
| 8 | കൊല്ലം | പുനലൂർ | 36 |
| 9 | കൊല്ലം | കരുനാഗപ്പള്ളി | 37 |
| 10 | കൊല്ലം | കൊട്ടാരക്കര | 30 |
| 11 | പത്തനംതിട്ട | അടൂർ | 29 |
| 12 | പത്തനംതിട്ട | തിരുവല്ല | 39 |
| 13 | പത്തനംതിട്ട | പത്തനംതിട്ട | 33 |
| 14 | പത്തനംതിട്ട | പന്തളം | 34 |
| 15 | ആലപ്പുഴ | ഹരിപ്പാട് | 30 |
| 16 | ആലപ്പുഴ | ചെങ്ങന്നൂർ | 27 |
| 17 | ആലപ്പുഴ | കായംകുളം | 45 |
| 18 | ആലപ്പുഴ | മാവേലിക്കര | 28 |
| 19 | ആലപ്പുഴ | ചേർത്തല | 36 |
| 20 | ആലപ്പുഴ | ആലപ്പുഴ | 53 |
| 21 | കോട്ടയം | കോട്ടയം | 53 |
| 22 | കോട്ടയം | പാലാ | 26 |
| 23 | കോട്ടയം | വൈക്കം | 27 |
| 24 | കോട്ടയം | ചങ്ങനാശ്ശേരി | 37 |
| 25 | കോട്ടയം | ഏറ്റുമാനൂർ | 36 |
| 26 | കോട്ടയം | ഈരാറ്റുപേട്ട | 29 |
| 27 | ഇടുക്കി | തൊടുപുഴ | 38 |
| 28 | ഇടുക്കി | കട്ടപ്പന | 35 |

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 60

Copyright © 2026. KSWMP | All rights reserved.


* This is a computer generated document. Hence no signature is required.

| ക്രമ നമ്പർ | ജില്ല | കോർപ്പറേഷൻ/നഗരസഭയുടെ പേര് | ജനപ്രതിനിധികളുടെ എണ്ണം |
|---|---|---|---|
| 29 | എറണാകുളം | എറണാകുളം | 76 |
| 30 | എറണാകുളം | കളമശ്ശേരി | 46 |
| 31 | എറണാകുളം | കോതമംഗലം | 33 |
| 32 | എറണാകുളം | അങ്കമാലി | 31 |
| 33 | എറണാകുളം | തൃപ്പൂണിത്തുറ | 53 |
| 34 | എറണാകുളം | മൂവാറ്റുപുഴ | 30 |
| 35 | എറണാകുളം | വടക്കൻ പറവൂർ | 30 |
| 36 | എറണാകുളം | തൃക്കാക്കര | 48 |
| 37 | എറണാകുളം | പിറവം | 28 |
| 38 | എറണാകുളം | ആലുവ | 26 |
| 39 | എറണാകുളം | പെരുമ്പാവൂർ | 29 |
| 40 | എറണാകുളം | ഏലൂർ | 32 |
| 41 | എറണാകുളം | മരട് | 35 |
| 42 | എറണാകുളം | കൂത്താട്ടുകുളം | 26 |
| 43 | തൃശ്ശൂർ | തൃശ്ശൂർ | 56 |
| 44 | തൃശ്ശൂർ | ഗുരുവായൂർ | 46 |
| 45 | തൃശ്ശൂർ | ചാവക്കാട് | 33 |
| 46 | തൃശ്ശൂർ | ചാലക്കുടി | 37 |
| 47 | തൃശ്ശൂർ | ഇരിങ്ങാലക്കുട | 43 |
| 48 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | 46 |
| 49 | തൃശ്ശൂർ | കുന്നംകുളം | 39 |
| 50 | തൃശ്ശൂർ | വടക്കാഞ്ചേരി | 42 |
| 51 | പാലക്കാട് | ഒറ്റപ്പാലം | 39 |
| 52 | പാലക്കാട് | ചിറ്റൂർ തത്തമംഗലം | 30 |
| 53 | പാലക്കാട് | പാലക്കാട് | 53 |
| 54 | പാലക്കാട് | ഷൊർണൂർ | 35 |

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 61

Copyright © 2026. KSWMP | All rights reserved.


* This is a computer generated document. Hence no signature is required.

| ക്രമ നമ്പർ | ജില്ല | കോർപ്പറേഷൻ/നഗരസഭയുടെ പേര് | ജനപ്രതിനിധികളുടെ എണ്ണം |
|---|---|---|---|
| 55 | പാലക്കാട് | പട്ടാമ്പി | 29 |
| 56 | പാലക്കാട് | ചെർപ്പുളശ്ശേരി | 33 |
| 57 | പാലക്കാട് | മണ്ണാർക്കാട് | 30 |
| 58 | മലപ്പുറം | പൊന്നാനി | 53 |
| 59 | മലപ്പുറം | മഞ്ചേരി | 53 |
| 60 | മലപ്പുറം | മലപ്പുറം | 45 |
| 61 | മലപ്പുറം | പരപ്പനങ്ങാടി | 46 |
| 62 | മലപ്പുറം | താനൂർ | 45 |
| 63 | മലപ്പുറം | കൊണ്ടോട്ടി | 41 |
| 64 | മലപ്പുറം | തിരൂർ | 40 |
| 65 | മലപ്പുറം | തിരൂരങ്ങാടി | 40 |
| 66 | മലപ്പുറം | പെരിന്തൽമണ്ണ | 37 |
| 67 | മലപ്പുറം | വളാഞ്ചേരി | 34 |
| 68 | മലപ്പുറം | നിലമ്പൂർ | 36 |
| 69 | മലപ്പുറം | കോട്ടക്കൽ | 35 |
| 70 | കോഴിക്കോട് | കോഴിക്കോട് | 76 |
| 71 | കോഴിക്കോട് | വടകര | 48 |
| 72 | കോഴിക്കോട് | കൊയിലാണ്ടി | 46 |
| 73 | കോഴിക്കോട് | രാമനാട്ടുകര | 32 |
| 74 | കോഴിക്കോട് | മുക്കം | 34 |
| 75 | കോഴിക്കോട് | ഫെറോക്ക് | 39 |
| 76 | കോഴിക്കോട് | പയ്യോളി | 37 |
| 77 | കോഴിക്കോട് | കൊടുവള്ളി | 37 |
| 78 | വയനാട് | കൽപ്പറ്റ | 30 |
| 79 | വയനാട് | മാനന്തവാടി | 37 |
| 80 | വയനാട് | സുൽത്താൻ ബത്തേരി | 36 |

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 62

Copyright © 2026. KSWMP | All rights reserved.

* This is a computer generated document. Hence no signature is required.

| ക്രമ നമ്പർ | ജില്ല | കോർപ്പറേഷൻ/നഗരസഭയുടെ പേര് | ജനപ്രതിനിധികളുടെ എണ്ണം |
|---|---|---|---|
| 81 | കണ്ണൂർ | കണ്ണൂർ | 56 |
| 82 | കണ്ണൂർ | മട്ടന്നൂർ | 35 |
| 83 | കണ്ണൂർ | തളിപ്പറമ്പ് | 35 |
| 84 | കണ്ണൂർ | പയ്യന്നൂർ | 46 |
| 85 | കണ്ണൂർ | തലശ്ശേരി | 53 |
| 86 | കണ്ണൂർ | കൂത്തുപറമ്പ് | 29 |
| 87 | കണ്ണൂർ | ഇരിട്ടി | 34 |
| 88 | കണ്ണൂർ | പാനൂർ | 41 |
| 89 | കണ്ണൂർ | ആന്തൂർ | 29 |
| 90 | കണ്ണൂർ | ശ്രീകണ്ഠപുരം | 31 |
| 91 | കാസർകോട് | കാഞ്ഞങ്ങാട് | 47 |
| 92 | കാസർകോട് | കാസർകോട് | 39 |
| 93 | കാസർകോട് | നീലേശ്വരം | 34 |
| | | | **3661** |

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 63

Copyright © 2026. KSWMP | All rights reserved.



* This is a computer generated document. Hence no signature is required.

## 7. അനുബന്ധം 2 : Report Format

1. Title: Report of the SWM Training for Elected Representatives of ULBs
2. Introduction
3. Date and Venue
4. Number of Participants – Male, Female
5. Summary of sessions;

| Session Title | Resource Person ( Name, Designation, Contact number ) |
|---|---|
| | |
| | |
| | |

6. Feedback from the participants
7. Key observations and suggestions of RPs/PIU SWM Engineer
8. Remarks of DPMU

Incase of multiple batches consolidated table may be given indicating Date, Venue, and number of participants

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 64

Copyright © 2026. KSWMP | All rights reserved.



* This is a computer generated document. Hence no signature is required.

Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46 PM - Page 65

* This is a computer generated document. Hence no signature is required.

**KERALA SOLID WASTE MANAGEMENT PROJECT (KSWMP)**

Local Self Government Department, Upper Ground Floor, Trans Towers,
Vazhuthacaud, Thiruvananthapuram – 695 014

91- 471-2333011 www.kswmp.org spmukswmp@gmail.com



Draft #16 of File 2024/3705/HQ Approved by Registrar on 03-Oct-2026 06:46


* This is a computer generated document. Hence no signature is required.